
# ജാമക്കാരൻ

WATCHMAN



കാവൽക്കാരൻ

(ജാമക്കാരനിൽ) സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21) പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).
ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. 1 കൊരി:2:15 (ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല – കത്തോലിക്ക വേദപുസ്തകം).

0427 - 2387499. E-Mail : Jamakaran@yahoo.com. Fax: 0427-2386464. www.Jamakaran.com



കർത്താവിൽ പ്രിയരേ,

കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ നിങ്ങൾക്ക് എല്ലാവർക്കും എന്റെ സ്നേഹവന്ദനം.

ഈ ലോകത്തിലെ പാപ ബന്ധനത്തിൽ നിന്നും നമ്മെ വിടുവിച്ച് നമുക്ക് ആത്മീയ സ്വാതന്ത്ര്യവും അതുമുഖാന്തിരം ലഭിക്കുന്ന സന്തോഷവും നൽകി തന്ന യേശുക്രിസ്തുവിന്റെ കൃപയെ ഓർത്ത് നന്ദി പറയുന്നു. ബന്ധനസ്ഥരെ വിടുവിക്കാനും രോഗികളെ സൗഖ്യമാക്കുവാനും പിതാവ് എന്നെ അഭിഷേകം ചെയ്ത് അയച്ചിരിക്കുന്നു എന്ന് യേശുക്രിസ്തു തന്നെ പറഞ്ഞു.

ഒരു കാലത്ത് നമ്മുടെ ഭാരതദേശവും മുഗൾ സാമ്രാജ്യത്തിനും പിന്നീട് ഈസ്റ്റ് ഇന്ത്യാ കമ്പനിക്കാരുടെ ബന്ധനത്തിനും അടിമപ്പെട്ടിരുന്നു. അതിന്റെ ശേഷം ബ്രിട്ടീഷുകാരുടെ ഭരണം ഉണ്ടായി. അവരുടെ ഭരണത്തിൽ സാമ്പത്തിക വളർച്ച ഉണ്ടായി. എന്നാലും നമ്മുടെ ജനങ്ങൾ അവർക്ക് അടിമപ്പെട്ടു കിടന്നു. മൃഗശാലയിൽ സിംഹം സ്വാതന്ത്ര്യമായി അലഞ്ഞുതിരിഞ്ഞു നടക്കും. ആഹാരം കുറവില്ലാതെ കിട്ടും. ആ സിംഹത്തിനും ലഭിക്കുന്ന സ്വാതന്ത്ര്യത്തിന് വനത്തിന്റെ ഉള്ളിലുള്ള സിംഹത്തിനും വളരെ വ്യത്യാസമുണ്ട്.

അതുപോലെ തന്നെ നമ്മെ ഭരിച്ച് നന്മകൾ ചെയ്താലും സ്വാതന്ത്ര്യമില്ലാത്ത ജീവിതമാണ് അത്.


പിന്നെ നമ്മുടെ ദേശീയ നേതാക്കളായ ഗോഖലേ, നെഹ്റു, ജിന്ന, വല്ലഭായ് പട്ടേൽ, കാമരാജ് നാടാർ, ഗാന്ധിജി, കേരളത്തിലെ മലബാറിലും മറ്റു ഭാഗങ്ങളിലും സ്വാതന്ത്ര്യത്തിനുവേണ്ടി ത്യാഗം ചെയ്തവർ ധാരാളം പേരുണ്ട്. അങ്ങനെ അവരുടെ രാജ്യസ്നേഹം കാരണം ആർക്കും അടിമപ്പെടാതെ നമുക്ക് ഭരിക്കുവാൻ സ്വാതന്ത്ര്യം ലഭിച്ചു.

ആ സ്വാതന്ത്ര്യത്തെ ഓർക്കാനാണ് ഓരോ വർഷവും ആഗസ്റ്റ് 15–ാം തീയതി സ്വാതന്ത്ര്യദിനമായി ആഘോഷിക്കുന്നത്.

SEPTEMBER 2015

നമുക്ക് സ്വാതന്ത്ര്യം കിട്ടി എന്നാലും അത് പൂർണ്ണമായി അനുഭവിക്കാൻ സാധിക്കാതെ രാജ്യസ്നേഹികളുടെ കാലശേഷം രാഷ്ട്രീയക്കാരുടെ കയ്യിൽ ദേശം അകപ്പെട്ടു. ഇന്ന് എവിടെ നോക്കിയാലും വെട്ടിപ്പും കൈകൂലി വാങ്ങി രാഷ്ട്രീയക്കാരുടെ ബന്ധനത്തിൽ ദേശം നാശത്തിലേക്ക് പോയിക്കൊണ്ടിരിക്കുന്നു. ഏത് പാർട്ടി ഭരിച്ചാലും ഭരിക്കുന്നവർ പണം മോഷ്ടിക്കുവാൻ മത്സരം കാണിക്കുന്നു. മതസ്വാതന്ത്ര്യവും നഷ്ടപ്പെട്ടുപോയി.

ആഗസ്റ്റ് 15-ാം തീയതി സേലത്തിൽ സ്വാതന്ത്ര്യദിനാഘോഷ വേളയിൽ നല്ല കാര്യങ്ങളെ ചെയ്തവർക്കും വീരന്മാർക്കും സ്റ്റേറ്റ് ഗവൺമെന്റ് അവാർഡ് കൊടുത്തു. അതിൽ സേലം കളക്ടർ, അവരുടെ നിർദ്ദേശം മൂലം കൊടുത്ത എല്ലാ അവാർഡ് സർട്ടിഫിക്കറ്റുകളിലും ഒരു വശം ദേശീയപതാകയും മറ്റൊരു ഭാഗത്ത് തമിഴ്നാട് ലോഗോ അവാർഡിന്റെ നടുവിലായി തിരുപ്പതി വെങ്കടാചലപതിയുടെ ഫോട്ടോയും (കളക്ടർ ആരാധിക്കുന്ന ഹൈന്ദവ ദൈവം) കളക്ടറിന്റെ നിർദ്ദേശവും നിർബന്ധവും അനുസരിച്ച് ആ അവാർഡ് അർഹരായവർക്ക് കൊടുത്തു. താഴെ കാണുന്ന പടത്തിൽ അതിന്റെ തെളിവു നിങ്ങൾക്ക് കാണാൻ കഴിയും.




வெங்கடாசலபதி படத் துடன் நற்சான்றிதழ்.

ഇത് സേലത്ത് രാഷ്ട്രീയക്കാർക്കും മറ്റു മതത്തിൽ ഉള്ളവരുടെയും ഇടയിൽ വലിയ ചർച്ചയ്ക്കിടയാക്കി. ഇതുപോലെയുള്ള പ്രശ്നം വടക്കേ ഇന്ത്യയിൽ ധാരാളം ഉണ്ട്. നമുക്ക് കിട്ടിയ സ്വാതന്ത്ര്യത്തിന്റെ ഇപ്പോഴത്തെ സ്ഥിതി നമുക്ക് മനസ്സിലാക്കുവാൻ സാധിക്കുന്നു. നമ്മുടെ ഭാരതദേശത്തിന് കിട്ടിയ സ്വാതന്ത്ര്യം എവിടെ?

ഇതിനു വേണ്ടിയാണ് യഥാർത്ഥക്രിസ്ത്യാനികൾ ഒന്നു ചേർന്നിരുന്ന് ദേശത്തിനു വേണ്ടിയും, ഭരിക്കുന്നവർക്ക് വേണ്ടിയും പ്രാർത്ഥിക്കണം (1 തിമൊ 2:1-4, യെഹസ്ക്കേൽ 22:30, യെഹസ്ക്കേൽ 6:4) എന്നു പറയുന്നത്.

❖ ആഗസ്റ്റ് മാസം ജാമക്കാരനിൽ എഴുതിയ എന്റെ ദൈവീകശുശ്രൂഷയിൽ ഉണ്ടായ സാക്ഷ്യം. അതായത് എന്റെ ജീവിതത്തിലുള്ള കുറവുകളെ ചൂണ്ടിക്കാണിക്കാൻ ദൈവം ഉപയോഗിച്ച രണ്ടാമത്തെ ആയുധത്തെക്കുറിച്ച് വായിച്ച പല ദൈവദാസന്മാരും അച്ഛന്മാരും താങ്കൾ ഉണർത്തപ്പെട്ടതായി എനിക്കു എഴുതി. അതിനായി ഞാൻ ദൈവത്തെ സ്തുതിക്കുന്നു.

നിങ്ങൾ എഴുതിയ പ്രാർത്ഥനാ കുറിപ്പുകൾക്കായി ഞാൻ തുടർന്ന് പ്രാർത്ഥിക്കുന്നുണ്ട്.

ഈ മാസിക മുഖാന്തിരം ചെയ്യുന്ന ദൈവവേലയ്ക്കു വേണ്ടി പ്രാർത്ഥിയ്ക്കുകയും പണം അയച്ച് സഹായിക്കുകയും ചെയ്ത എല്ലാവർക്കും നന്ദി കരേറ്റുന്നു.

നിങ്ങളുടെ കുഞ്ഞുങ്ങൾ എഴുതിയ പരീക്ഷയിൽ നല്ല മാർക്കുകൾ വാങ്ങി ജയിച്ചതിനായി ഞാൻ ദൈവത്തെ സ്തുതിക്കുന്നു. കർത്താവ് പൈതങ്ങളെ അനുഗ്രഹിക്കുവാനും തൻമൂലം നിങ്ങൾക്ക് സമാധാനം ലഭിക്കുവാനും ഞാൻ പ്രാർത്ഥിക്കുന്നു. നിങ്ങളും പ്രാർത്ഥിക്കുക. **വായനക്കാരുടെ അഭ്യർത്ഥന മാനിച്ചു ഇനി മുതൽ മാസം തോറും മാസിക പ്രസിദ്ധീകരിക്കുന്നതാണ്.**

കർത്താവിന്റെ ഉന്നത ശുശ്രൂഷയിൽ

**ഡോ. പുഷ്പരാജ്**

# എന്റെ വിദേശത്തെ ദൈവവേല

| | | | |
|---|---|---|---|
| **USA** | : 2015 OCT | 6 to 9 | - **NEWYORK, IOWA,** |
| | | 11 to 12 | - **CHICAGO**-Rev.Godwin - 16309631297 |
| **CANADA** | : 2015 OCT | 12 to 18 | - **TORANTO** - CANADA - |
| | | | - Pastor.Manoharan - 905 8370051 |
| | | | - Mr.DOMINIC - 416 8757892 |
| **ABUDHABI** | : 2015 OCT | 19 to 1 NOV | - CSI **ABUDHABI** CSI MALAYALA |
| | | | - CONGREGATION |
| | | | - Rev. Paul P.Mathew - 00971504120123 |
| **ENGLAND** | : NOV - 2 to 3 | **LONDON** | - Bishop.REGINOLD - 44208 3660583, |
| | | | - 07956478093 |
| **LONDON** | : NOV - 4th | | - Mr.Doni - 44 (o) 2082525586 |
| **IRELAND** | : NOV - 5th | | - Mr.JOHN WESLY 353 - 894151538 |

**DUBAI**

2015 NOV 23 to 29 **DUBAI** TAMIL CSI CONGREGATION - Vice President -
- 971552728146
- Mr.Singaratnam - 971504440679

**കുറിപ്പ് :** ഞാൻ വിദേശങ്ങളിൽ പോകുന്നതു സുവിശേഷം അറിയിക്കുവാൻ അല്ല. സുവിശേഷം അറിഞ്ഞ ക്രിസ്ത്യാനികൾക്ക് പ്രത്യേകമായി വിദേശത്തിൽ കുടുംബത്തോടു ജീവിക്കുന്ന എന്റെ ജാമക്കാരൻ കുടുംബങ്ങളുടെ ആത്മീയ നിലവാരവും എന്നറിയാനും ആത്മീക സംശയങ്ങൾക്ക് വചനാടിസ്ഥാനത്തിൽ ഉത്തരം പറയാനും ക്രിസ്തുവിന്റെ വരവിനും, വിശ്വാസികൾ മരണത്തിന് എങ്ങനെയിരിക്കണം എന്ന് പഠിപ്പിക്കാനും വർഷത്തിൽ ഒരു പ്രാവശ്യം വിദേശങ്ങളിലേയ്ക്ക് പോയിവരുന്നു. **എന്റെ ശുശ്രൂഷയ്ക്കുള്ള പിരിവു നടത്താനുള്ള ഉദ്ദേശത്തോടുകൂടി ഞാൻ പോകുന്നില്ല**. അതിന്റെ ആവശ്യവും എനിയ്ക്കില്ല. എനിക്കു സ്വന്തമായി സ്ഥാപനമില്ല. സ്വന്തമായി സഭയും ഇല്ല. മറ്റുള്ളവരെപ്പോലെ ഞാനും സി.എസ്.ഐ സഭയിലെ ഒരു അംഗമാണ്. ദൈവം എനിക്ക് രണ്ടു മക്കളെ നൽകി. അവർ അനുഗ്രഹിക്കപ്പെട്ട നിലയിൽ സകല സൗകര്യത്തോടും കുടുംബമായി ജീവിക്കുന്നു. സാമ്പത്തിക ആവശ്യം എന്ന് പറഞ്ഞാൽ അത് മാസിക നടത്താനുള്ള ചിലവിനു മാത്രമാണ്. ആ ചിലവിന്റെ സാമ്പത്തിക ആവശ്യങ്ങളെ ഇതു വായിക്കുന്ന വായനക്കാരായ നിങ്ങൾ തന്നെ എല്ലാ മാസവും കുറവില്ലാതെ അയച്ചു സഹായിക്കുമ്പോൾ എനിക്കു വിദൂരദേശത്ത് പണപിരിവ് നടത്തേണ്ട ആവശ്യമില്ല. വിദേശയാത്രാ ചിലവിനും ടിക്കറ്റ് ചിലവിനും എന്നെ ക്ഷണിക്കുന്ന സഭകൾ തന്നെ ചുമതല എടുക്കുന്നു. കർത്താവിനു മഹത്വം ഉണ്ടാകട്ടെ! വിദേശ യോഗങ്ങളിൽ മാനസാന്തരത്തെക്കുറിച്ചും വിശ്വാസജീവിതത്തെക്കുറിച്ചും പിൻമാറ്റം ഉണ്ടാകാതെ പ്രാർത്ഥനയിൽ ഒരുങ്ങിയിരിക്കുന്ന ആത്മീകജീവിതത്തെക്കുറിച്ചു പറയാനും വേദപഠനം നടത്താൻ മാത്രമാണ് ഞാൻ വിദേശങ്ങളിലും പോയി വരുന്നത്. അവന്റെ നാമത്തിൽ മാനസാന്തരവും പാപമോചനവും യെരുശലേമിൽ തുടങ്ങി സകലജാതികളിലും പ്രസംഗിക്കുകയും വേണം എന്നിങ്ങനെ എഴുതിയിരിക്കുന്നു. (ലൂക്കോസ് 24:47).

# സഹായിക്കുന്ന ദുരാത്മാക്കൾ

വിദേശത്തെ പെന്തകോസ്തു സഭയുടെ ഒരു മാസികയിൽ പ്രസിദ്ധീകരിക്കപ്പെട്ട ഒരു യഥാർത്ഥസംഭവം.

ഒരു രാത്രിയിൽ പന്ത്രണ്ടു മണിക്ക് ഒരു ആത്മാവ് ക്രിസ്ത്യാനിയായ ഒരുവനെ സന്ദർശിച്ച്, മരിച്ചുപോയ തന്റെ പിതാവ് ആരാധിച്ചുവന്ന ദൈവമാണ് താനെന്നും നിന്നെ സഹായിക്കുവാനാണ് ഞാൻ വന്നിരിക്കുന്നതെന്നും അറിയിച്ചു. എന്നിട്ട് നിന്റെ ഒരു സ്നേഹിതൻ പ്രശ്നങ്ങളുമായി അടുത്ത ദിവസം നിന്നെ സമീപിക്കുമെന്നും അവന്റെ പ്രശ്നങ്ങളുടെ വിവരങ്ങളെപ്പറ്റിയും അറിയിച്ചിട്ട് ആ ദുരാത്മാവ് കടന്നുപോയി.

അടുത്തദിവസം പറഞ്ഞപോലെ തന്നെ സംഭവിച്ചു. ആ സ്നേഹിതനോട് തന്റെ ജീവിതത്തിൽ നടന്നതും നടക്കുവാനിരിക്കുന്നതുമായ കാര്യങ്ങൾ അറിയിച്ചപ്പോൾ അവൻ ഇതെങ്ങനെ നീ അറിഞ്ഞു എന്നു അത്ഭുതപ്പെട്ടു.

അതിനടുത്ത ദിവസവും രാത്രി പന്ത്രണ്ടു മണിക്ക് അതേ ആത്മാവ് വീണ്ടും വരികയും ഒരു ദൈവാലയത്തിൽ നടക്കുവാൻ പോകുന്നതും മറ്റൊരു കുടുംബത്തിൽ സംഭവിക്കാനുള്ളതും അറിയിച്ചു.

ഇതും സഭാശുശ്രൂഷകനും സ്ഥലവാസികളും അറിഞ്ഞു ആശ്ചര്യപ്പെട്ടു. (അതുപോലെ സംഭവിക്കുകയും ചെയ്തു) അവന്റെ പേർ പ്രസിദ്ധമാകുവാൻ തുടങ്ങി. എവിടെയും അവൻ സംസാരവിഷയമായി.

നാട്ടിലുണ്ടാകുന്ന വിശേഷങ്ങളും യുദ്ധങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ പോലും ഇവൻ മൂലം അതേ ആത്മാവു വെളിപ്പെടുത്തിക്കൊടുത്തു. വിപത്തുകൾ, മരണങ്ങൾ, രോഗങ്ങൾ എല്ലാം മുന്നറിയിക്കപ്പെട്ടു. എല്ലാ രഹസ്യങ്ങളും വെളിപ്പെടുത്തി അവനെ വളരെ പ്രസിദ്ധനാക്കി.

ഇങ്ങനെയുണ്ടാകുന്ന വെളിപ്പാടുകൾ പറഞ്ഞ് ധനം സമ്പാദിക്കരുത് എന്നൊരു നിബന്ധനയും ആ ദുരാത്മാവ് ആ മനുഷ്യനു നൽകി. ഇപ്രകാരം നീ അനുസരിച്ചു നടക്കുന്നതായാൽ നിന്നെ എന്നും ഞാൻ സഹായിക്കുന്നതാണെന്നും അറിയിച്ചു.

ഓരോ ദിവസവും രാത്രി പന്ത്രണ്ടു മണിയാകുമ്പോൾ ഇയാൾക്കു സമാധാനം നഷ്ടപ്പെടും. എന്തൊക്കെ പ്രസിദ്ധി ഉണ്ടായിരുന്നുവെങ്കിലും സമാധാനം നശിച്ച് എന്തോ നഷ്ടപ്പെട്ടു പോയതുപോലെ ജീവച്ഛവമായിത്തീർന്നു.

ഒരിക്കൽ ഇദ്ദേഹത്തിന് ഒരുണർവ്വു യോഗത്തിൽ സംബന്ധിക്കുവാനും യഥാർത്ഥസമാധാനം എന്ന വിഷയത്തെപ്പറ്റിയുള്ള ദൂതു കേൾക്കുന്നതിനുമിടയായി. ദൈവമസാധാനം അത് ലോകം നൽകാത്ത, മാറിപ്പോകാത്ത സമാധാനമാണ്. അതു യേശുവിനു മാത്രമേ നൽകുവാൻ കഴിയുകയുള്ളൂ. പിശാചിന്റെ പ്രവർത്തികളെ നശിപ്പിക്കാനാണ് മനുഷ്യപുത്രൻ ലോകത്തിൽ വന്നത് എന്നു തുടങ്ങിയ വചനങ്ങൾ ഉൾക്കൊള്ളുന്ന പ്രസംഗം കേട്ടപ്പോൾ...തനിച്ചിരുന്നു യേശുവിനോടു തന്റെ പ്രശ്നങ്ങൾ ദുഃഖത്തോടെ അറിയിച്ചു.

കർത്താവ് എന്റെ പ്രാർത്ഥന കേട്ടു എങ്കിൽ അതിന്റെ അടയാളമായി ഈ ദുരാത്മാവ് ഇനിമേൽ തന്നെ സന്ദർശിക്കരുത് എന്ന് ദൈവത്തോട് അപേക്ഷിച്ചു. അന്നുതൊട്ട് ആ ദുരാത്മാവ് അവനെ അന്വേഷിച്ച് വരാറില്ല.

"ആത്മാക്കൾ പലവിധം. ശോധന ചെയ്ത് അറിയുവിൻ എന്നു വചനം പറയുന്നു. പിശാച് വെളിച്ചദൂതന്റെ വേഷവും ധരിക്കുമെന്ന് വചനം നമുക്ക് മുന്നറിയിപ്പു നൽകുന്നു."

ഇന്ന് പലരും വെളിപാട്, പ്രവചനം എന്നീ വരങ്ങൾ ഇല്ലാതെ തന്നെ അവ ഉള്ളതുപോലെ ഭാവിച്ച് ശുശ്രൂഷ ചെയ്തുവരുന്നു. സഹായിക്കുന്ന അശുദ്ധാത്മാവ് പലരീതികളിൽ ഇവർക്ക് സഹായം ചെയ്തു വരുന്നു. അതായത് രോഗസൗഖ്യം നൽകും, പറയുന്നതുപോലെ സംഭവിക്കും.

യഹോവയായ കർത്താവ് ഇപ്രകാരം അരുളിചെയ്യുന്നു. സ്വന്തമനസ്സിനെയും കണ്ടിട്ടില്ലാത്ത കാര്യങ്ങളെയും പിന്തുടരുന്ന ബുദ്ധികെട്ട പ്രവാചകന്മാർക്ക് അയ്യോ കഷ്ടം (യെഹ 13:3).

ഈ വചനത്തിൽ തങ്ങളുടെ സ്വന്തമനസ്സിനെ പിന്തുടരുന്നവർ എന്നു പറയുന്നത് കർത്താവ് അരുളിചെയ്യാതെ തന്നെ തന്റെ സ്വന്തം മനസ്സിൽ തോന്നുന്ന കാര്യങ്ങൾ ദൈവം പറഞ്ഞതായി പറയുന്നതാണ്.

കർത്താവ് സമീപത്തിൽ നിൽക്കുന്നതു പോലെയും നേരിട്ട് സംസാരിക്കുന്നതുപോലെയും അവർ മറ്റുള്ളവരുടെ മുമ്പിൽ കാണിക്കും.

ചില മാസങ്ങൾക്കു മുൻപ് തമിഴ്നാട്ടിൽ നിന്നു കേരളത്തിൽ വന്നു ദൈവവേല ചെയ്തുവരുന്ന ഒരു ശുശ്രൂഷകൻ എന്നെ സന്ദർശിച്ച് ഇപ്രകാരം പറയുകയുണ്ടായി. സഹോദരാ! ഞാൻ ഒരു യോഗത്തിൽ വെറുതെ ഒരു കാര്യത്തെപ്പറ്റി അറിയിക്കയുണ്ടായി. ഞാൻ പറഞ്ഞത് വളരെ ശരിയാണെന്നു സഭാശുശ്രൂഷകനും ജനങ്ങളും സമ്മതിച്ചു. അത് എങ്ങനെ ശരിയായി സംഭവിച്ചു എന്നു എനിക്കുതന്നെ അറിയുകയില്ല. ദൈവം തനിക്കു തന്ന വരം തന്നെ എന്നു കരുതി ആ വരം വർദ്ധിപ്പിച്ച് തരണമേയെന്നു അപേക്ഷിച്ചു. അങ്ങനെതന്നെ ദൈവം ചെയ്തു. ഇപ്പോൾ ഞാനും പ്രവചം പറയുന്നു. ഞാൻ പറയുന്നതൊക്കെയും അങ്ങനെ സംഭവിക്കുന്നു. എന്റെ വലതുവശത്തുള്ള ഒരാളിനെ ചൂണ്ടി ഒരു കാര്യം പറഞ്ഞാൽ അത് വാസ്തവമായിരിക്കുന്നു എന്നു അത്ഭുതത്തോടുകൂടെ പറയുകയുണ്ടായി.

ഇപ്പോൾ ഈ ശുശ്രൂഷകനും പ്രസിദ്ധിയാർജ്ജിച്ചു തുടങ്ങി. ചിലപ്പോൾ ജനങ്ങൾ തന്നെ ഒന്നിനെ ഇരട്ടിയാക്കി പെരുപ്പിച്ച് സാക്ഷിപറഞ്ഞും മറ്റും ദൈവവേലക്കാരനെ ലോകത്തിൽ ഉയർത്തിക്കാട്ടുന്നു. അപ്രകാരം ഉയർത്തപ്പെട്ട പലരും ഇന്ന് നമ്മുടെ മുന്നിൽ ശുശ്രൂഷ ചെയ്തുവരുന്നു.

ഒരിക്കൽ ഞാൻ വസിച്ചിരുന്ന മുറിയിൽ ഒരു സ്ഥലത്തുള്ള പതിമൂന്നുപേർ ഒന്നിച്ച് പ്രാർത്ഥിക്കുന്നതിനായി കടന്നുവന്നു. നിങ്ങളിൽ ആരാണ് അറേബ്യൻ നാടുകളിൽ ജോലി ചെയ്യുന്നതെന്ന് ഞാൻ ചോദിച്ചു. ഉടനെ അതിൽ ഒരാൾ മുന്നോട്ട് വന്നു. ഞാൻ തന്നെയെന്നു അത്ഭുതവും സന്തോഷവും കലർന്ന സ്വരത്തിൽ പറഞ്ഞു. പ്രാർത്ഥിച്ച് അവരെയെല്ലാം അയച്ചു.

എന്നാൽ അടുത്തദിവസം ആയിരിക്കണക്കിനു ആളുകൾ എന്നെ അന്വേഷിച്ചു വരികയുണ്ടായി. എന്താണ് കാരണം എന്നു ചോദിച്ചപ്പോൾ ആദ്യദിവസം എന്നെ സന്ദർശിച്ച കൂട്ടത്തിലുള്ളവർ, എല്ലാവരോടും എന്നെപ്പററി വളരെയേറെ പറഞ്ഞിരിക്കുന്നു. അതിൽ പ്രധാനമായത് ഡോക്ടർ പുഷ്പരാജ് അവർകൾ ആരും പറയാതെതന്നെ സന്ദർശകരുടെ സ്ഥലവും, കുടുംബത്തിൽ എത്ര അംഗങ്ങളുണ്ടെന്നും അതിൽ എത്രപേർ എങ്ങനെ എപ്പോൾ മരിച്ചു; ജീവനോടെ ശേഷിച്ചിട്ടുള്ളവരുടെ വിവരങ്ങൾ എല്ലാം പ്രവചനമായി പറയും എന്നതാണ് ഞാൻ പറയാത്ത പല കാര്യങ്ങളും പ്രവചിച്ചു പറഞ്ഞതായി ഒരു വലിയ കോളിളക്കം തന്നെ ഉണ്ടായി.

യഥാർത്ഥത്തിൽ സംഭവിച്ചത് ആദ്യദിവസം വന്നവരിൽ നിന്നു ഇൻടിമേറ്റ് എന്ന വിലകൂടിയ സുഗന്ധവാസന മൂക്കിൽ തുളച്ചുകയറി. സാധാരണയായി അത് അറേബ്യൻ നാടുകളിൽ ലഭിക്കുന്നതും അവിടേക്കു പോകുന്നവരോട് "ഇൻടിമേറ്റ്" സുഗന്ധം വാങ്ങിവരുവാൻ പറയുന്നതും എല്ലാവർക്കും അറിവുള്ളതാണല്ലോ.

എന്റെ മൂക്കിനു നീളം കൂടുതൽ ആയതുകൊണ്ടായിരിക്കാം. ഈ പ്രത്യേക സുഗന്ധം അറിഞ്ഞിട്ട് അറേബ്യയിൽ ജോലി ഉള്ളവർ ആരെങ്കിലും ഈ കൂട്ടത്തിലുണ്ടോ എന്നു വെറുതെ ചോദിച്ചത്.

അറേബ്യയിലെ സകലരെയും ഞാൻ ദർശനത്തിൽ കാണുന്നതായി പറഞ്ഞ് എന്നെ പ്രശംസിച്ച് നാട്ടിനെ ആകെ ഇളക്കിക്കളഞ്ഞു.

വെളിപാട് പ്രവചനം ഒക്കെയുണ്ട്. എന്നാൽ ഏതാണ് യഥാർത്ഥത്തിലുള്ള വെളിപാട് പ്രവചനം എന്നതൊക്കെ കർത്താവ് അനുവദിക്കയാണെങ്കിൽ താമസിയാതെ പുസ്തകമായി പ്രസിദ്ധീകരിക്കും.

ഒന്നു മനസ്സിലാക്കണം. കർത്താവ് നൽകുന്ന ഏത് വെളിപാടിനും പ്രവചനത്തിനും വിളംബരം കാണുകയേ ഇല്ല.

യോഹന്നാനെക്കാൾ വലിയവൻ ആരുമില്ല എന്നു വചനം പറയുന്നു. എന്നിരുന്നാലും യോഹന്നാൻ തന്നെപ്പറ്റി പറയുമ്പോൾ തന്റെ പേർ വെളിപ്പെടുത്തുവാനാഗ്രഹിക്കാതെ മരുഭൂമിയിൽ വിളിച്ചുപറയുന്നവൻ എന്നു പരിചയപ്പെടുത്തുന്നു. യേശുവിന്റെ ചെരിപ്പിന്റെ വാറ് അഴിപ്പാൻ യോഗ്യനല്ല താനെന്ന് തന്നെത്താൻ താഴ്ത്തുന്നു.

ഇന്നുള്ള വരം പ്രാപിച്ച ശുശ്രൂഷകരെ മേൽപ്പറഞ്ഞ വ്യത്യാസങ്ങൾകൊണ്ട് മനസ്സിലാക്കുവാൻ സാധിക്കും.

ഒരുനാൾ അത്ഭുതങ്ങളും അടയാളങ്ങളും ചെയ്തവർ യേശുവിനോട് നിന്റെ നാമത്തിൽ അതായത് യേശു എന്ന നാമത്തിൽ ഞങ്ങൾ പിശാചിനെ പുറത്താക്കി, അത്ഭുതങ്ങൾ ചെയ്തു, രോഗികളെ സൗഖ്യപ്പെടുത്തി എന്നൊക്കെ പറയും. എന്നാൽ യേശുവോ (നിങ്ങൾ എന്റെ നാമത്തിൽ ഇങ്ങനെയുള്ള അത്ഭുതങ്ങൾ ചെയ്തിരുന്നാലും) നിങ്ങളെ ഞാൻ അറിയുന്നില്ല എന്നു പറയും. (അതായത് എന്റെ രാജ്യവുമായി ബന്ധമില്ലാത്തവർ എന്നു സാരം.)

സഹായിക്കുന്ന അശുദ്ധാത്മാക്കൾ ഇന്ന് പല വേലക്കാരെയും, വിശ്വാസികളെയും സഹായിച്ചുവരുന്നു. നാഗർകോവിൽ, തിരുനെൽവേലി, കേരളം, മദ്രാസ് തുടങ്ങിയ ഭാഗങ്ങളിൽ ഭവനംതോറും വെളിപാടു പറയുന്ന ധാരാളം സഹോദരീ സഹോദരന്മാരെ കാണുവാൻ കഴിയും.

യഥാർത്ഥ വെളിപാട് വരം ഉള്ളവർ വസിക്കുന്ന സ്ഥലംപോലും അറിയപ്പെടാതെയിരിക്കുന്നു.

പ്രിയമുള്ളവരേ നിങ്ങൾ എത് ആത്മാവിന്നധീനർ എന്ന് അറിയുന്നുവോ എന്നു യേശു ചോദിക്കുന്നു.

ഇന്ന് വിശ്വാസം ഇല്ലാത്തവർ വെളിപാടന്വേഷിച്ച് നടക്കുന്നു.

നാം എങ്ങനെയുള്ളവരായിക്കണം എന്ന് വചനം പറയുന്നത് ശ്രദ്ധിപ്പിൻ.

"കാഴ്ചയാലല്ല വിശ്വാസത്താലത്രേ ഞങ്ങൾ നടക്കുന്നത്." 2 കൊരി 5:7.

"ലോകത്തെ ജയിച്ച ജയമോ നമ്മുടെ വിശ്വാസം തന്നെ" 1 യോഹ 5:4

പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ മാത്രമാണ് അന്നു ജനങ്ങൾ പ്രവാചകന്മാരെ അന്വേഷിച്ചത്. യേശുവിനെ അന്നു ജനങ്ങൾ അറിഞ്ഞിട്ടില്ലായിരുന്നു. പരിശുദ്ധാത്മാവിന്റെ നടത്തിപ്പിനെക്കുറിച്ചും അറിവില്ല.

എന്നാൽ ഇന്നു കർത്താവിന്റെ മക്കൾ ഞെരുക്കപ്പെടുമ്പോൾ, പ്രശ്നങ്ങൾ വരുമ്പോൾ എന്തു പറയുന്നുവെന്ന് ശ്രദ്ധിക്കുക....**ഉള്ള അവസ്ഥയിൽ അലംഭാവത്തോടെയിരിപ്പാൻ ഞാൻ പഠിച്ചിട്ടുണ്ട്....എന്നെ ശക്തനാക്കുന്നവൻ മുഖാന്തിരം ഞാൻ സകലത്തിനും മതിയാകുന്നു** ഫിലി 4:11-13. പിന്നെയും ഇവർ പറയുന്നത്....**ഞങ്ങൾ സകലവിധത്തിലും കഷ്ടം സഹിക്കുന്നവർ എങ്കിലും ഇടുങ്ങിയിരിക്കുന്നില്ല. ബുദ്ധിമുട്ടുന്നവർ എങ്കിലും നിരാശപ്പെടുന്നില്ല**. 2 കൊരി 4:8.

**ഞങ്ങളുടെ ജഡത്തിന് ഒട്ടും സുഖമല്ല. എല്ലാ വിധത്തിലും കഷ്ടമത്രേ ഉണ്ടായത്. പുറത്ത് യുദ്ധം അകത്തു ഭയം എങ്കിലും എളിയവരെ ആശ്വസിപ്പിക്കുന്ന ദൈവം...ഞങ്ങളെ ആശ്വസിപ്പിച്ചു.** 2 കൊരി 7:5-6.

മറ്റൊരു ഭക്തൻ പറയുന്നത് : "ഞാൻ ............ വിശ്വസിച്ചില്ലെങ്കിൽ കഷ്ടം" സങ്കീ 27:13.

ആര് പ്രവചനം, വെളിപാട് ഇവയെമാത്രം ആശ്രയിക്കാതെ യേശുവിനെ മാത്രം വിശ്വസിച്ച് തിരുവചനപ്രകാരം ജീവിക്കുന്നുവോ അവനാണ് യഥാർത്ഥ വിശ്വാസി.

വെളിപാടും പ്രവചനവുമുണ്ടെങ്കിൽ ശുശ്രൂഷകൻ വചനംമൂലമോ വെളിപാടോ പ്രവചനമോ നിന്നെ അറിയിച്ചാൽ നല്ലത്. മറിച്ച് നീ ചെന്നു പ്രശ്നം നോക്കുന്നതുപോലെ കർത്താവിന്റെ വെളിപാട് എന്താണ് എന്ന് ചോദിക്കുന്നത് തെറ്റായ എന്റെ ഓരോ യോഗത്തിലും എന്ന അന്വേഷിച്ചു വരുന്നവരോട് ഞാൻ പറയുന്ന ആലോചന ഇതാണ്.

നീ ചോദിക്കുവാനും അവൻ നിന്നോടു പറയുവാനും കർത്താവ് നിന്റെ വേലക്കാരൻ അല്ല.

രണ്ടുപേർ ചേർന്ന് പ്രാർത്ഥനാ പ്രശ്നങ്ങൾ കർത്താവിനോടു പറഞ്ഞു. എന്നിട്ട് കർത്താവു തന്നെ എന്തെങ്കിലും തന്നോട് അരുളിചെയ്യുമെങ്കിൽ അതാണ് ശരിയായ വെളിപാട്.

ഈ വിഷയം കുറെക്കൂടെ തെളിയിച്ച് വചനം ആധാരമാക്കി വിശദീകരിച്ചാൽ മാത്രമേ ചിലർക്കു ഇതിനോട് യോജിക്കാൻ സാധിക്കുകയുള്ളൂ. എന്നാൽ ഇപ്പോൾ ഇതേപ്പററി വിശദീകരിക്കുവാൻ സമയം പോരാ.

പ്രാർത്ഥിക്കുവിൻ, വചനം ശ്രദ്ധിക്കുവിൻ, നിങ്ങളിലുള്ള വിശ്വാസം കത്തിക്കുവിൻ. അതു പ്രകാശിക്കട്ടെ. മറ്റുള്ളവർക്കും പ്രകാശം നൽകുമാറാകട്ടെ.

കർത്താവിന്റെ പരിശുദ്ധാത്മാവ് നിങ്ങളെ ശരിയായ വഴിയിൽ നടത്തുവാൻ ഞാൻ പ്രാർത്ഥിക്കുന്നു.

## Speed Post

ചില പ്രത്യേക സ്ഥലങ്ങളിൽ ജാമക്കാരൻ മാസിക വീടുകളിൽ എത്തിക്കാതെ തടുക്കുന്നു. അങ്ങനെയുള്ളവർക്കു ജാമക്കാരൻ സ്പീഡ് പോസ്റ്റിൽ അയച്ചുകൊടുക്കുന്നതാണ്. നിങ്ങളിൽ ആർക്കെങ്കിലും ജാമക്കാരൻ മാസിക എത്തിച്ചേരുന്നതിനു തുടർന്നു തടസ്സം ഉണ്ടെങ്കിൽ അറിയിച്ചാൽ അങ്ങനെയുള്ളവർക്കു സ്പീഡ് പോസ്റ്റിൽ ജാമക്കാരൻ അയച്ചു തരുന്നതാണ്.

# കള്ളം

**അതിശയോക്തി കലർത്തി പറയുന്നത്**

(ഞാൻ എന്നെത്തന്നെ ശോധന ചെയ്ത ശേഷമാണ് മറ്റുള്ളവർക്ക് വായിക്കുവാനായി ഇത് പ്രസിദ്ധീകരിക്കുന്നത്)

"ഉവ്വ്, ഉവ്വെന്നും.......ആയിരിക്കട്ടെ. ഇതിൽ അധികമായത് ദുഷ്ടനിൽ നിന്നും വരുന്നു" (മത്തായി 5:37) എന്നു വചനം പറയുന്നു.

ഒരു കാര്യം, അതിശയോക്തി പറയുന്നത് തെറ്റാണ്. അതുപോലെതന്നെ യഥാർത്ഥ്യം തിരിച്ചോ വലുതാക്കിയോ പറയുന്നതും കള്ളമാണ്. യഥാർത്ഥ്യം അല്പം മാറ്റി പറഞ്ഞാലും കളവായിത്തീരും. അലങ്കാരോക്തി ചേർത്തു പറഞ്ഞാലും പാപമാണ്. അത് കളവാണ്. യഥാർത്ഥത്തിൽ ഉള്ളതാണ് സത്യം. അതുകൊണ്ട് ഒന്നും കൂട്ടിപ്പറയരുത്.

അതിശയോക്തിയോടെ പറയുന്നത് തെറ്റ്.

നിങ്ങൾ അതിശയോക്തി ചേർത്തു പറയുന്ന പതിവില്ലേ....?

പ്രിയമുള്ളവരെ നിങ്ങൾ ഉള്ളത് ഉള്ളതുപോലെ പറയുന്നുണ്ടോ? ശോധന ചെയ്തു നോക്കുക. ഏതും പെരുപ്പിച്ചു പറയുന്ന സ്വഭാവം നിങ്ങൾക്കില്ലേ?

നിങ്ങളുടെ ശുശ്രൂഷയെപ്പറ്റി : നിങ്ങളുടെ ശുശ്രൂഷാ റിപ്പോർട്ടുകൾ എങ്ങനെയുള്ളതാണ്? നിങ്ങൾ നടത്തിയതായ യോഗത്തിൽ 100 പേർ പങ്കുകൊണ്ടാൽ 300 പേർ എന്നു പറയുന്നില്ലേ 1000 പേർ പങ്കുകൊണ്ടാൽ 5000 പേർ എന്നു പറയുന്നുണ്ടോ? നിങ്ങൾ പറയുന്നതായ എണ്ണം യഥാർത്ഥത്തിൽ അധികമായതല്ലേ? 100 എന്നുള്ളത് സത്യം. 300 എന്നത് കള്ളം. 1000 എന്നത് സത്യം. 5000 എന്നതോ കള്ളം. നിങ്ങൾ പറയുന്നത് സത്യമോ? കള്ളമോ?

ഇന്ന് ശുശ്രൂഷകളെപ്പറ്റിയുള്ള റിപ്പോർട്ട് നൽകുന്ന മാസികകളുടെ എണ്ണം വളരെ അധികമാണ്. പൊതുജനങ്ങളുടെ ആദരവ് നേടണം എന്നതിലേക്കായി ഇഷ്ടാനുസരണം ശുശ്രൂഷ റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുന്നു. നിങ്ങളുടെ ശുശ്രൂഷയെപ്പറ്റി മറ്റുള്ളവർ നല്ല അഭിപ്രായം പറയണം എന്നതിനായി ചെറിയ വിഷയങ്ങൾ വലുതാക്കി നിങ്ങൾ പറയാറില്ലേ? പെരുപ്പിച്ച് എഴുതുന്നില്ലേ?

നിങ്ങൾ ചെറിയ ശുശ്രൂഷ നല്ല രീതിയിൽ ചെയ്താലും വലിപ്പത്തിൽ പറയുന്നതുകൊണ്ട് കള്ളം പറയുന്നു. ചെയ്ത ശുശ്രൂഷ നിങ്ങൾക്കു ഫലമില്ലാത്തതായിത്തീരുന്നു. നിങ്ങൾ വിശ്വസ്തനല്ലാത്ത ശുശ്രൂഷകനായിത്തീരുന്നു.

ശുശ്രൂഷയുടെ വലിപ്പത്തിനനുസരിച്ചല്ല ഫലം ലഭിക്കുന്നത്. ഇന്നു സ്ഥിതിവിവരക്കണക്ക് പേരും പ്രശസ്തിയും നൽകുന്നതുകൊണ്ട് ശുശ്രൂഷകരും, സ്ഥാപനങ്ങളും പെരുപ്പിച്ച റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തുവാൻ പ്രേരിതരാവുന്നു.

ഇപ്രകാരമുള്ള മായയായ കെണിയിൽ പ്രശസ്തരായ ശുശ്രൂഷകർപോലും എളുപ്പത്തിൽ കുടുങ്ങിക്കൊണ്ട് കള്ളംപറഞ്ഞു വരുന്നത് കാണുവാൻ സാധിക്കും. അയ്യോ! ഇത് എന്ത് പരിതാപാർഹമാണ്. മനംതിരിയുവാൻ സത്യദേവപുസ്തകം യഥാർത്ഥത്തിലുള്ള അറിയിപ്പുകൾ നൽകുന്നു.

അപ്പോസ്തലപ്രവൃത്തികളിൽ സഭ സ്ഥാപിക്കപ്പെട്ട കാലത്തിൽ 3000 പേർ 5000 പേർ എന്ന കണക്കിൽ രക്ഷിക്കപ്പെട്ടു എന്നു പറഞ്ഞിരിക്കുന്നു. അതേസമയം 16-ാം അദ്ധ്യായത്തിൽ അപ്പോസ്തലനായ പൗലോസും അവനോടുകൂടെയുള്ളവരും ഫിലിപ്പിയ പട്ടണത്തിൽ ചില ദിവസങ്ങൾ ശുശ്രൂഷ ചെയ്തിട്ടും ഒരു സ്ത്രീമാത്രം (ലുദിയ) രക്ഷിക്കപ്പെട്ടു എന്ന സത്യാവസ്ഥ എഴുതപ്പെട്ടിരിക്കുന്നു.

19-ാം അദ്ധ്യായത്തിൽ പൗലോസ് എഫസോസ് പട്ടണത്തിൽ വന്ന് ശിഷ്യന്മാരെ സ്നാനപ്പെടുത്തി. അവരുടെ തലയിൽ കൈവച്ച് പ്രാർത്ഥിച്ചപ്പോൾ അവരെല്ലാവരും പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ടുവെന്നും അവരുടെ എണ്ണം പന്ത്രണ്ടോളം ആയിരുന്നു എന്നും കാണുന്നു.

ആയിരങ്ങളുടെ എണ്ണത്തിൽ ശുശ്രൂഷയുടെ അറിയിപ്പുകൾ നൽകുന്ന വേദപുസ്തകം ഒരു വ്യക്തി, പന്ത്രണ്ടുപേർ എന്ന വളരെ കുറവായ എണ്ണത്തോടുകൂടിയ അറിയിപ്പും പെരുപ്പിച്ചു പറയാതെ ഉള്ളത് ഉള്ളതുപോലെ പറയുന്നു. നിങ്ങളുടെ അറിയിപ്പ് പരിശുദ്ധാത്മാവിന്റേതുപോലെ സത്യമായ അറിയിപ്പു തന്നെയാണോ? അതോ കളവായ അറിയിപ്പാണോ?

**അല്പത്തിൽ വിശ്വസ്തനായിരുന്നാൽ ഞാൻ നിന്നെ അധികത്തിന് വിചാരകനാക്കും** (മത്തായി 25:21) എന്ന് യേശു പറഞ്ഞു.

ചെറിയ അളവിൽ കർത്താവ് നിങ്ങളെ പ്രയോജനപ്പെടുത്തുമ്പോൾ അതിൽ വിശ്വസ്തരായിരുന്നാൽ മാത്രമേ കർത്താവിനു നിങ്ങളെ വലിയ അളവിൽ പ്രയോജനപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ.

ചെറിയ രീതിയിൽ നിങ്ങൾ പ്രയോജനപ്പെടുമ്പോൾ കളവായി വലിയ രീതിയിൽ പ്രയോജനപ്പെടുന്നതായി റിപ്പോർട്ടു നൽകുന്നതായാൽ ഉള്ളതും നശിക്കും. ജാഗ്രതയോടിരിക്കുക.

**മറ്റുള്ളവർ പ്രശംസിക്കും** : വലിപ്പത്തിലുള്ള നിങ്ങളുടെ അറിയിപ്പുകൾ കണ്ട് മനുഷ്യർ ഒരുപക്ഷേ നിങ്ങളെ പ്രശംസിക്കുമായിരിക്കാം. എന്നാൽ കർത്താവ് നിങ്ങളെ നികൃഷ്ടമായിക്കരുതും. വ്യാജമുള്ള നാവ് യഹോവ വെറുക്കുന്നു (സദൃ 6:17).

**സാക്ഷി പറയുമ്പോൾ** : സാക്ഷി പറയുമ്പോൾ ഉള്ളതു ഉള്ളതുപോലെ പറയുന്നുണ്ടോ? പലരും സാക്ഷി പറയുമ്പോൾ ഇല്ലാത്തതുംകൂടി പറയുന്നു. രക്ഷിക്കപ്പെട്ട ഒരു വ്യക്തി പഴയ ജീവിതത്തെപ്പറ്റി സാക്ഷി പറയുമ്പോൾ പഴയ പാപങ്ങളെ പെരുപ്പിച്ചു പറയുന്നത് സാധാരണയാണ്. ജനങ്ങളെ സന്തോഷിപ്പിക്കുവാനും അനുകമ്പ നേടുവാനും വേണ്ടി വലുതാക്കി, അതിശയോക്തി കലർത്തി സാക്ഷി പറയരുത്.

നിങ്ങൾ പറയുന്ന കാര്യങ്ങൾ കേട്ട് ജനങ്ങൾ ഹാ! എന്ന് ആശ്ചര്യപ്പെടുമായിരിക്കാം. കർത്താവിന്റെ നാമവും മഹിമപ്പെട്ടുവെന്നു വരാം. എന്നാലും കള്ളം പറഞ്ഞ് ജനങ്ങൾക്ക് മുന്നറിയിപ്പു നൽകേണ്ട ആവശ്യമോ, ദൈവനാമത്തിന് മഹത്വം ഉണ്ടാക്കേണ്ട കാര്യമോ ഇല്ല.

നന്മയ്ക്കുവേണ്ടി തിന്മയായ കാര്യങ്ങൾ ഒന്നും ചെയ്യരുത്. (You should not do wrong thing to do right thing). പ്രസംഗകർക്ക് ഇത് ഒരു പരീക്ഷയാണ്. പ്രസംഗകർക്ക് സ്റ്റേജിൽ കള്ളം പറയുവാനുള്ള അവസരങ്ങൾ ധാരാളമുണ്ട്. എവിടെയോ കേട്ടതായ സംഭവം താൻ കണ്ടതായി വിവരിച്ചു പറയുന്നു. ചിലർ മറ്റുള്ളവരുടെ ജീവിതത്തിലുണ്ടായ ചില നല്ല സംഭവങ്ങൾ തന്റെ ജീവിതത്തിൽ നേരിട്ടതായി പറയുന്നു. അതും കള്ളമാണ്. ഉള്ളത് ഉള്ളതുപോലെ പറയുവിൻ.

നിങ്ങളുടെ പ്രസംഗത്തിലെ ഒരു ചെറിയ കളവ് ജനങ്ങൾ കണ്ടുപിടിച്ചാൽ നിങ്ങൾക്കും നിങ്ങളുടെ പ്രസംഗത്തിനും വിലയില്ലാതായിത്തീരും. കർത്താവിന്റെ നോട്ടത്തിലും നിങ്ങൾ അസത്യവാന്മാരായിത്തീരും.

നിങ്ങളുടെ സ്വന്തജീവിതത്തിലും അനുഭവത്തിലും ഇല്ലാത്ത കാര്യങ്ങൾ ഉണ്ട് എന്നു പറയരുത്. ഉദാഹരണമായി നിങ്ങളുടെ വീട്ടിൽ പതിവായി കുടുംബപ്രാർത്ഥന ഇല്ലാതിരിക്കെ കുടുംബപ്രാർത്ഥനയെപ്പറ്റി പ്രസംഗിക്കുമ്പോൾ ഞങ്ങളുടെ വീട്ടിൽ പതിവായി എന്നും രാവില് 5 മണിക്ക് കുടുംബപ്രാർത്ഥന നടത്തുന്നുണ്ട് എന്നു കള്ളം പറയരുത്.

ഭർത്താവും ഭാര്യയും തമ്മിൽ കൂടെക്കൂടെ വഴക്കു കൂടുന്നത് വാസ്തവമാണെന്നിരിക്കെ ഞങ്ങൾ ശണ്ഠകൂടാറേ ഇല്ല എന്നും കള്ളം പറയരുത്. നിങ്ങളെ ശോധന ചെയ്തു നോക്കുക.

ജനങ്ങളെ ചിരിപ്പിക്കുവാനോ, കരയിപ്പിക്കുവാനോ പ്രോത്സാഹിപ്പിക്കുന്നതിനോ വിശ്വസിപ്പിക്കുന്നതിനോ ഏതിനായാലും ശരി അതിശയോക്തി കലർത്തി വർണ്ണിച്ച് പറയരുത്.

സത്യത്തിനു നിരക്കാത്ത സംഗതികൾ നിങ്ങൾ പറയുന്നതായാൽ നിങ്ങളുടെ പ്രസംഗമോ സാക്ഷ്യമോ ഒന്നിലധികം പ്രാവശ്യം കേട്ട ചിലരെങ്കിലും നിങ്ങളുടെ യോഗത്തിൽ കാണും. നിങ്ങൾ എപ്പോഴും സത്യം പറയുകയാണെങ്കിൽ നിങ്ങളുടെ വാക്ക് മാറുകയില്ല. നിങ്ങൾ ചില കാര്യം കളവായി പറഞ്ഞു വന്നാൽ സ്ഥലം മാറുന്നതിനനുസരിച്ച് നിങ്ങളുടെ വാക്കിനും വ്യത്യാസം വരും. സത്യത്തിന് ഒരിക്കലും വ്യത്യാസം വരികയില്ല. കള്ളം സ്ഥലമനുസരിച്ച് മാറും. നിങ്ങൾ അറിയാതെ മാറ്റി പറയും. നിങ്ങളുടെ പ്രസംഗത്തിലോ സാക്ഷ്യത്തിലോ സംഭവിക്കുന്ന വ്യത്യാസം കേൾക്കുന്നവർ മറ്റുള്ളവരോട് നിങ്ങൾ ഓരോ സ്ഥലത്തും ഓരോ വിധമായി പറയുന്നുവെന്ന് പറയും. നിങ്ങൾ പറയുന്നത് അസത്യമാണെന്ന് മറ്റുള്ളവർ അറിയുവാനിടയാകും. നിങ്ങൾ പറഞ്ഞതായ 95% സത്യവും കള്ളമായി മുദ്ര കുത്തപ്പെടും.

സഹോദരന്മാരേ, മനം തിരിയുവിൻ. പെരുപ്പിച്ചു പറയുന്നതോ വളച്ചു തിരിച്ച് പറയുന്നതോ ആയ പതിവ് നിറുത്തുക. അസത്യം പാപമാണ്. നിങ്ങളിൽ ഈ പാപം കാണപ്പെടുന്നു എന്ന് പരിശുദ്ധാത്മാവ് പറയുന്നു. നിങ്ങളുടെ കുറ്റം ഏറ്റുപറയുക.

**കള്ളക്കണക്ക്** : ഇന്ന് ആത്മീയരും കള്ളക്കണക്ക് എഴുതുവാൻ തുടങ്ങിയിട്ടുണ്ട്. വ്യാപാരികളായ വിശ്വാസികളേ നിങ്ങളുടെ കണക്ക് സത്യമാണോ? നിങ്ങളുടെ സാധനങ്ങളെപ്പറ്റി കള്ളം പറഞ്ഞ് വിൽപ്പന നടത്തുന്നുണ്ടോ? സാധനങ്ങളുടെ ഗുണനിലവാരത്തെപ്പറ്റി സത്യാവസ്ഥ പറയുന്നുണ്ടോ? വിശ്വസ്തരായിരിക്കുവാൻ സാധിക്കാത്ത അവസ്ഥ സത്യമായ കണക്കുകൾ കാണിക്കുവാൻ സാധിക്കാത്ത തൊഴിൽ നിങ്ങൾക്കു വേണ്ട. ഈ കച്ചവടം നിങ്ങൾക്കു വേണ്ട.

**കള്ള സർട്ടിഫിക്കറ്റ്** : സർക്കാരാനുകൂല്യം ലഭിക്കുന്നതിനുവേണ്ടി കള്ള സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നുണ്ടോ? ക്രിസ്തുവിനെ സ്വീകരിച്ച് ക്രിസ്ത്യാനിയായ ശേഷവും ഹിന്ദു എന്ന ജനനസർട്ടിഫിക്കറ്റ് നൽകി ആനുകൂല്യങ്ങൾ നേടുന്നുണ്ടോ? യഥാർത്ഥ വരുമാനം മറച്ച് കള്ളവരുമാനം കാണിച്ച് സർക്കാരിന്റെയോ ഏതെങ്കിലും സ്ഥാപനങ്ങളുടേയോ സഹായം തേടുന്നുണ്ടോ? ക്രിസ്തുവിനെ സ്വീകരിച്ചവരായ നിങ്ങൾക്ക് എങ്ങനെയാണ് ഹിന്ദു, ഹരിജൻ എന്നൊക്കെ സർട്ടിഫിക്കറ്റ് വാങ്ങുവാൻ സാധിക്കുന്നത്. ഹിന്ദു എന്ന സർട്ടിഫിക്കറ്റ് നൽകിയശേഷം വേദപുസ്തകവുമായി പ്രാർത്ഥനാലയത്തിൽ ചെന്ന് യേശുവിന്റെ നാമത്തിൽ എങ്ങനെയാണ് പ്രാർത്ഥിക്കുവാൻ സാധിക്കുന്നത്? നിങ്ങൾക്കു എങ്ങനെ ക്രിസ്തുവിനെപ്പറ്റി അറിയിക്കുവാൻ സാധിക്കുന്നു?

ഈ അദ്ധ്യായന വർഷത്തിൽ എത്ര മാതാപിതാക്കളാണ് കള്ള സർട്ടിഫിക്കറ്റുകൾ നൽകി തങ്ങളുടെ മക്കളെ ഉന്നത വിദ്യാഭ്യാസത്തിനായും, പരിശീലനങ്ങൾക്കായും, ഉദ്യോഗങ്ങൾക്കായും അയച്ചിട്ടുള്ളത്. നിങ്ങളെ ശോധന ചെയ്തു നോക്കുവിൻ. മനം തിരിയുവിൻ.

കള്ളം പറഞ്ഞ് ലഭിക്കുന്നതായ ആദായം ഒന്നിനും ഉപകരിക്കുകയില്ല. കള്ള സർട്ടിഫിക്കറ്റ് നൽകിയത് സർക്കാർ അറിഞ്ഞാൽ നിയമപ്രകാരമുള്ള ശിക്ഷ ലഭിക്കും. എന്നാൽ കർത്താവ് കണ്ടിട്ടും കാണാത്തവനെപ്പോലെ ഇരിക്കും എന്ന് കരുതുന്നുണ്ടോ? സർക്കാരിന്റെ കണ്ണിനെ മറയ്ക്കുവാൻ സാധിക്കും. നിയമത്തിന്റെ പിടിയിൽ നിന്നും രക്ഷപ്പെടാം. പക്ഷേ കർത്താവിന്റെ കണ്ണുകളെ മറയ്ക്കുവാൻ സാദ്ധ്യമല്ല. ന്യായവിധിയിൽ നിന്നും രക്ഷപ്പെടുവാൻ സാധിക്കയില്ല എന്നുള്ളത് നിങ്ങൾ മനസ്സിലാക്കുക.

**ശുശ്രൂഷയിൽ കള്ളക്കണക്ക്** : സമീപകാലത്ത് ആത്മീയലോകത്തിൽ നടന്നതായ കോടിക്കണക്കിന് രൂപായുടെ വെട്ടിപ്പ് പത്രത്തിൽ വന്നതാണല്ലോ. അത്രയും വിപുലമായ രീതിയിൽ കള്ളക്കണക്ക് എഴുതി സമ്പാദിക്കുവാൻ ആരംഭിച്ചു കഴിഞ്ഞു.

വേദപുസ്തകങ്ങൾ അച്ചടിച്ച് വിനിയോഗിക്കുന്ന സ്ഥാപനത്തിലെ അധിപന്മാർ സത്യം കൊള്ളചെയ്ത്, കുഴിച്ചിട്ടിട്ട് കള്ളക്കണക്കുകൾ എഴുതി കോടിക്കണക്കിനു രൂപയുടെ വെട്ടിപ്പ് നടത്തിയിരിക്കുന്നു. ഇന്ത്യയിലെ ക്രിസ്ത്യാനികൾ തലകുനിക്കേണ്ടതായ, വേദനയുളവാക്കുന്ന ഒരു സംഗതിയാണ് ഇത്.

കോടിക്കണക്കിനു രൂപയുടെ വെട്ടിപ്പ് നടത്തുന്ന ക്രിസ്ത്യാനികൾ ആരംഭത്തിൽ ചെറിയ കള്ളക്കണക്കുകൾ എഴുതിയാണ് കാലക്രമേണ വൻതുകകൾ കള്ളക്കണക്കെഴുതുന്നത്.

കള്ളക്കണക്കുകൾ എഴുതുന്നത് ഇന്നുതന്നെ വിട്ടിട്ട് മനംതിരിയുവിൻ. അമേരിക്കക്കാരെ കബളിപ്പിക്കുവാൻ സാധിക്കും. എന്നാൽ ദൈവത്തെ കബളിപ്പിക്കുവാൻ സാദ്ധ്യമല്ല. ജർമ്മൻകാരെ കബളിപ്പിക്കാം. പക്ഷേ ജീവനുള്ള ദൈവത്തെ വഞ്ചിക്കുവാൻ സാധിക്കയില്ല. കള്ളം പറഞ്ഞ് എത്രതന്നെ സമ്പാദിച്ചാലും അത് നിങ്ങൾക്കു അനുഗ്രഹപ്രദമാകുകയില്ല.

“നാവുകൊണ്ട് ധനം സമ്പാദിക്കുന്നത് പാറിപ്പോകുന്ന ആവിയാകുന്നു. അതിനെ അന്വേഷിക്കുന്നവർ മരണത്തെ അന്വേഷിക്കുന്നു” സദൃശ്യ 21:6.

“ദുഷ്ടതയിൽ സമ്പാദിച്ച നിക്ഷേപങ്ങൾ ഉപകരിക്കുന്നില്ല” സദൃശ്യ 10:2

“ഭോഷ്ക് നിശ്വസിക്കുന്നവൻ നശിച്ചുപോകും” സദൃശ്യ 19:9.

ഭോഷ്ക് പറഞ്ഞു ധാരാളം സമ്പാദിച്ചു ശിക്ഷ വിലയ്ക്കു വാങ്ങുന്നതിനേക്കാൾ സത്യം പറഞ്ഞ് എളിയജീവിതം നയിച്ച് കർത്താവിന്റെ അനുഗ്രഹം പ്രാപിക്കുന്നതാണ് നല്ലത്.

ഭോഷ്ക് പറഞ്ഞ് സമ്പാദിക്കുന്ന സ്വഭാവം ഇന്നുതന്നെ നിർത്തുക. ഭോഷ്കിനാൽ ഒരു പൈസപോലും നിങ്ങളുടെ പോക്കറ്റിൽ വരാതെ സൂക്ഷിക്കുക.

കള്ളം പറഞ്ഞ് പ്രശംസ നേടുന്നത് അവസാനം നിങ്ങളെ തകർച്ചയിലേക്കു നയിക്കും. ആകയാൽ പെരുപ്പിച്ച് പറഞ്ഞ് പ്രശംസ നേടേണ്ട.

ഭോഷ്ക് പറഞ്ഞു അനുകമ്പ നേടുന്നത് അവസാനം നിങ്ങൾക്കു വെറുപ്പ് നേടിത്തരും. ആകയാൽ കള്ളം പറഞ്ഞ് അനുകമ്പ നേടേണ്ട.

കള്ളം പറഞ്ഞ് ആത്മാക്കളെ നേടുന്നത് അവസാനം നഷ്ടം ഉണ്ടാക്കും. അതുകൊണ്ട് കള്ളം പറഞ്ഞ് ശുശ്രൂഷ ചെയ്യേണ്ട.

കള്ളം പറഞ്ഞ് ദൈവനാമത്തിന് മഹിയുണ്ടാക്കുന്നത് അവസാനം ദൈവനാമത്തിനു ദുഷിപ്പുണ്ടാക്കും. അതുകൊണ്ട് കള്ളം പറഞ്ഞ് ദൈവനാമം മഹിമപ്പെടുത്തുവാൻ ശ്രമിക്കേണ്ട.

കള്ളം പറഞ്ഞ് ഗവണ്മെന്റിന്റെ ആനുകൂല്യം നേടുന്നത് ഒടുവിൽ ദൈവത്തിന്റെ ആനുകൂല്യങ്ങളെ നിറുത്തലാക്കും. അതുകൊണ്ട് കള്ളംപറഞ്ഞ് ആനുകൂല്യങ്ങൾ നേടേണ്ട.

കള്ളം പറഞ്ഞ് സമ്പാദിക്കുന്നത് അവസാനം നഷ്ടമുണ്ടാക്കും. ആകയാൽ കള്ളം പറഞ്ഞ് സമ്പാദിക്കേണ്ട.

ആത്മാവ് പറയുന്നത് ചെവിയുള്ളവൻ കേൾക്കട്ടെ. പ്രിയമുള്ളവരേ നിങ്ങളെ ശോധന ചെയ്തു നോക്കുക. നിങ്ങൾ വളരെക്കാര്യങ്ങളിൽ കള്ളം പറയുന്നു. ശ്രദ്ധയോടുകൂടെ നിങ്ങളുടെ കാര്യങ്ങൾ ശോധന ചെയ്ത് മനം തിരിയുക.

കള്ളം പറയുന്നത് വൃഥാ വർത്താനമാണ്. വൃഥാ വർത്തമാനത്തിന് കണക്കു പറയേണ്ടിവരും. മനം തിരിയുക.

## ഒരു പ്രധാന അറിയിപ്പ്

എന്നെ യോഗങ്ങൾക്കായി ക്ഷണിക്കുമ്പോൾ, ക്ഷണിക്കുന്നവർ ആരായിരുന്നാലും സഭാശുശ്രൂഷകൻ മുഖാന്തിരം ആവശ്യപ്പെട്ടാൽ മാത്രമേ തീയതി നൽകുവാൻ സാധിക്കുകയുള്ളൂ.

സഭാകമ്മിറ്റിയായി എന്നെ ക്ഷണിക്കുമ്പോൾ ആ ക്രമത്തിൽ നിങ്ങളുടെ (മാർത്തോമ്മാ അല്ലെങ്കിൽ സി.എസ്.ഐ) സഭാസുശ്രൂഷകന്റെ ഒപ്പും സീലും ഉണ്ടായിരുന്നാൽ മതി.

സഭയ്ക്കകത്ത് ഉണർവ്വുണ്ടാക്കുവാൻ ഭാരമുള്ളവനാണ് ഞാൻ. ആകയാൽ സഭയുടെ ബിഷപ്പ് അല്ലെങ്കിൽ സഭാശുശ്രൂഷകന്റെ അനുമതിയില്ലാത്ത സാധാരണ യോഗമായാലും പൊതുയോഗമായാലും ഞാൻ സംബന്ധിക്കുന്നതല്ല.

ഈ കാര്യത്തിൽ എന്നെ ക്ഷണിക്കുന്നവർ സഹകരിക്കണമെന്ന് അപേക്ഷിക്കുന്നു.

## PDF ൽ ജാമക്കാരൻ മാസിക

ധാരാളം പേരുടെ ആവശ്യപ്രകാരം, ജാമക്കാരൻ മുഴുവനും ഫോട്ടോ സഹിതം, PDF വഴിയായി അയക്കുവാനുള്ള സംവിധാനം ഉണ്ട്. അതുകൊണ്ട് നിങ്ങളുടെ ഇ-മെയിൽ ഐ.ഡി അയച്ചുതന്നാൽ മാസിക മുഴുവനും അതുവഴി ലഭ്യമാക്കുന്നതാണ്. നിങ്ങൾ ഇ-മെയിൽ വഴി ഇത് ആവശ്യപ്പെട്ടാൽ, നിങ്ങളുടെ ഇ-മെയിൽ ഐ.ഡിയേ ഞങ്ങൾ പി.ഡി.എഫ് ലിസ്റ്റിൽ ചേർക്കുന്നതാണ്.

നിങ്ങളുടെ പ്രാർത്ഥനാ കുറിപ്പും ബൈബിൾ സംശയങ്ങളും കുടുംബ പ്രശ്നങ്ങൾക്കായുള്ള ആലോചനകളും കത്തുവഴിയായോ, ഇ-മെയിൽ മുഖാന്തിരമോ അയക്കുമെങ്കിൽ പ്രാർത്ഥിച്ചു ഞാൻ മറുപിട അയക്കുന്നതായിരിക്കും.

# നിന്റെ വാക്കുകളാൽ നീതികരിക്കപ്പെടുകയോ കുറ്റം വിധിക്കപ്പെടുകയോ ചെയ്യും

നമുക്കു ചുറ്റും ഇന്നു കാണപ്പെടുന്ന സാഹചര്യങ്ങൾക്കു കാരണക്കാർ നാമും നമ്മുടെ വാക്കുകളുമാണെന്നു നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടോ. ആദാമിനെയും ഹവ്വയെയും പോലെ നാം നമ്മുടെ കുറ്റം സമ്മതിക്കാതെ നമ്മുടെ അധഃപതനത്തിനു മറ്റുളളവരെ പഴിചാരാൻ ശ്രമിക്കും.

ആദം ഹവ്വയെ കുറ്റപ്പെടുത്തി. ഹവ്വ ഒഴിഞ്ഞുമാറി കുറ്റം മുഴുവനും സർപ്പത്തിന്മേൽ ചുമത്തി. സർപ്പം തന്റെ കുറ്റം സമ്മതിച്ചു മൗനമായിരുന്നു. ഒരിക്കൽ വാക്കുകൾ സംസാരിച്ച് മിണ്ടാപ്രാണിയായ മൃഗം സംസാരിച്ചതുപോലെ, വൃഥാ ഉപദേശം ദൈവത്തിന്റെ പേരിൽ പറഞ്ഞ സർപ്പം തന്റെ കുറ്റം വെളിച്ചത്തായതുകൊണ്ടു മിണ്ടാതെ ഏറ്റുപറയാതെ മൗനമായിരുന്നു (ഉൽ 3:12–14).

സാത്താന്റെ ഈ സ്വഭാവം ഇന്നും നമ്മിൽ കാണുന്നുണ്ട്. ചിലപ്പോൾ എല്ലാ കാര്യങ്ങളും മറ്റുള്ളവർ അറിഞ്ഞു എന്നു മനസ്സിലായാൽ സർപ്പം കാണിച്ചതുപോലെ മിണ്ടാതെ ഇരിക്കുന്നു. എന്നാൽ വാസ്തവം എന്താണ്? **നിന്റെ വാക്കുകളാൽ നീതീകരിക്കപ്പെടും** എന്നു മനുഷ്യന്റെ സംസാരത്തെക്കുറിച്ചു യേശു പറഞ്ഞു (മത്താ 12:35,37). നിന്റെ വായിലെ വാക്കുകളാൽ നീ കുടുങ്ങിപ്പോയി നിന്റെ വായിലെ മൊഴികളാൽ പിടിക്കപ്പെട്ടിരിക്കുന്നു എന്നു ശലോമോൻ സദൃശ്യവാക്യങ്ങളിൽ വ്യക്തമാക്കിയിരിക്കുന്നു (സദൃ 6:2).

### മനുഷ്യൻ വിതയ്ക്കുന്ന വിത്തുകൾ

അതുകൊണ്ടു വായിലെ വാക്കുകൾ, മറുപടികൾ ഇവയെക്കൊണ്ട് മനുഷ്യൻ അളക്കപ്പെടുന്നു. മനുഷ്യൻ ഏതിനെപ്പറ്റി വിചാരിക്കുന്നുവോ അതുതന്നെ അവന്റെ വായിൽ നിന്നു പുറപ്പെടും. ഹൃദയം നിറഞ്ഞു കവിയുന്നതല്ലോ വായ് പ്രസ്താവിക്കുന്നത്. അവൻ തന്റെ മനസ്സിൽ കണക്കുകൂട്ടുന്നതുപോലെയാകുന്നു (സദൃ 23:7). എന്തു പറയുന്നുവോ അതനുസരിച്ചുള്ള പ്രതിഫലം ഉണ്ടാകുന്നു. നിങ്ങളുടെ ചിന്തകളാണ് നിങ്ങളുടെ ജീവിതത്തിന്റെ വിത്തുകൾ (Thoughts are the seeds of your life). മനുഷ്യൻ വിതെക്കുന്നതു തന്നെ കൊയ്യും (ഗലാ 6:7). മനുഷ്യൻ എന്തു വിതച്ചാലും അതു മുളച്ചുവളരും. കാരണം, അവൻ ദൈവസാദൃശ്യത്തിൽ, ദൈവത്തിന്റെ മഹിമയിൽ ദൈവത്തിന്റെ കയ്യാൽ സൃഷ്ടിക്കപ്പെട്ടവനാണ്. യിസ്ഹാക്ക് ദേശത്തു വിതച്ചു. ദൈവം അതിനെ അനുഗ്രഹിച്ചു. നൂറുമേനി വിളവുകിട്ടി (ഉല്പ 26:12). അതുകൊണ്ടു വിതയ്ക്കു കൊയ്ത്തിനും അടുത്ത ബന്ധം ഉണ്ട്.

### നിങ്ങൾ ആരാണ്?

നിങ്ങളുടെ വാക്കുകൾ നിങ്ങളുടെ ആത്മീയ ചിത്രത്തെയും (Picture) നിങ്ങൾ വിതെച്ച വിത്തുകൾ അഥവാ നിങ്ങളുടെ വാക്കുകൾ നിങ്ങളുടെ ജീവിതനിലവാരത്തെയും (Standard) വെളിപ്പെടുത്തുന്നു. നിങ്ങളുടെ വാക്കുകൾ നിങ്ങളുടെ ജീവിതനിലയെ നിയന്ത്രിക്കുന്നു. എന്നുമാത്രമല്ല നിങ്ങളെയും അതു ബന്ധനത്തിലാക്കുന്നു. വായിൽ നിന്നുള്ള വാക്ക് നിങ്ങളുടെ സംഭാഷണത്തിൽ (Conversation) വെളിപ്പെടുന്നതു മൂലം നിങ്ങളുടെ തനിരൂപം (Inner Image) അഥവാ നിങ്ങൾ ആരാണെന്നു മറ്റുള്ളവർ അറിയുന്നു. നിങ്ങൾ ഏതിൽ വിശ്വസിക്കുന്നുവോ അതിനെക്കുറിച്ചു സംസാരിക്കുന്നു.

പരാജയത്തിൽ വിശ്വസിച്ചാൽ പരാജയത്തെപ്പറ്റി ചിന്തിക്കും; സംസാരിക്കും. അധൈര്യം, ഭയം, വ്യാധി, അവിശ്വാസം എന്നിവയൊക്കെ വിശ്വസിച്ചാൽ അതിനെക്കുറിച്ചു ചിന്തിക്കും; സംസാരിക്കും. അതുതന്നെ നിങ്ങളുടെ പശ്ചാത്തലമായി കാണും. അതുതന്നെ അവന്റെ സാഹചര്യമാകും. അതായത് അവൻ പറഞ്ഞതുപോലെ തന്നെ സംഭവിക്കും.

യേശു, തന്നെ പിൻപറ്റുന്ന വിശ്വാസികളെ നോക്കി, അവൻ പറഞ്ഞതുപോലെ സംഭവിക്കും എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നു തെളിവായി പറഞ്ഞു (മർക്കൊ 11:23). ഇവിടെ ഓരോരുത്തരും തങ്ങളുടെ ചുറ്റുപാടിനെത്തന്നെ മാറ്റുന്നതിനുള്ള വഴിയുണ്ടാക്കുന്നു. അങ്ങനെ മാറ്റത്തിനുള്ള മാർഗ്ഗം, സംശയിക്കാതെ ഹൃദയത്തിൽ ചിന്തിച്ച് അല്ലെങ്കിൽ വിശ്വസിച്ചു പിന്നീടു പറഞ്ഞാൽ അവൻ പറഞ്ഞതുപോലെ സംഭവിക്കും. ആദ്യമായി ഏദൻ തോട്ടത്തിൽ സാത്താനാൽ കൊണ്ടുവരപ്പെട്ട ദുഷിച്ച വിത്താണ് (Evil Seed) സംശയം. അത് ഇന്നും നാമറിയാതെ നമ്മിൽ വളരുന്നു. തന്മൂലം നിങ്ങളാൽ അതു സാദ്ധ്യമല്ല. ഇങ്ങനെ സംഭവിക്കുകയില്ല. ഇതു അസാദ്ധ്യമാണ് എന്നെല്ലാം ചിന്തിക്കുന്ന മാത്രയിൽ നിങ്ങളെ നിങ്ങൾതന്നെ നശിപ്പിക്കുന്നു. എനിക്കു ഇതിൽ വിശ്വാസമേയില്ല എന്നു നിങ്ങളുടെ സംഭാഷണവേളയിൽ പറഞ്ഞ ഉടൻ സംശയം (Doubt) ഒരു ഭൂതം പോലെ നിങ്ങളെ ബന്ധിക്കുന്നു. നിങ്ങൾ പരാജയത്തെ (Failure) പ്പറ്റി പറയുമ്പോൾ നിത്യതോൽവിയാൽ ബന്ധിക്കപ്പെടുന്നു. ഭയത്തെ ഏറ്റുപറയുമ്പോൾ അതായത് ഭയം തോന്നുന്നു എന്നു പറഞ്ഞ ഉടൻ നിങ്ങൾ ഭയത്താൽ വലയം ചെയ്യപ്പെടുന്നു. ബലഹീനത തോന്നുന്നു എന്നു നിങ്ങളുടെ സ്നേഹിതരോടു പറയുമ്പോൾ ബഹലീനത നിങ്ങളെ ഭരിക്കുന്നു. ഒരു ആസ്മാരോഗിയെ കാണുമ്പോൾ എനിക്കും അങ്ങനെ വരുമോ എന്നു വിചാരിക്കുമ്പോൾ ശ്വാസംമുട്ടൽ അനുഭവപ്പെട്ടതുപോലെ ഒരു തോന്നലുണ്ടാകുന്നു. ക്ഷയരോഗി ചുമച്ചു തുപ്പുന്നതു കാണുമ്പോൾ അതു കാണുന്ന എനിക്കും ഇങ്ങനെ സംഭവിക്കുമോ എന്ന ചിന്ത ഉണ്ടാകുന്നു. അതുപോലെ നാം അറിയാതെ ചമയ്ക്കുവാൻ ആരംഭിക്കുന്നു. ഒരു വിധവയെ ഭർത്തൃമതിയായ സ്ത്രീ കാണുമ്പോൾ ഞാനും വിധവയായിത്തീരുമോ, എന്റെ ഭർത്താവു അവളുടെ ഭർത്താവിനെപ്പോലെ മരിച്ചുപോകുമോ എന്ന തെറ്റായ ചിന്തയുടെ വിത്തു വിതെക്കുന്നു. പിന്നെ അതു അനുഭവിക്കേണ്ടി വരുന്നു. നാം അറിയാതെ വ്യർത്ഥമായതു സംസാരിക്കുന്നു. എന്നാൽ നാം വിതെച്ചതിനെ സമ്മതിക്കാൻ മനസ്സില്ലാതെ മറ്റുള്ളവരുടെമേൽ പഴിചാരുന്നു. ഇതു വാസ്തവല്ലേ? ഒരു അദ്ധ്യാപകൻ തന്റെ നല്ല വിദ്യാർത്ഥിയെ നോക്കി മഠയൻ, എന്നോ മൂഢൻ എന്നോ പറയുമ്പോൾ അതിനെ അവന്റെ മനസ്സിൽ ഒരു വിത്തായി അംഗീകരിച്ചു അതിനെപ്പറ്റിതന്നെ ചിന്തിക്കുവാൻ ആരംഭിക്കുന്നു. അദ്ധ്യാപകൻ എന്ന മഠയൻ എന്നു പറഞ്ഞുവല്ലോ. അതുകൊണ്ടു ഞാൻ മഠയൻതന്നെ എന്നു വിശ്വസിക്കുകയും അതനുസരിച്ചു പ്രവർത്തിക്കുകയും ചെയ്യുന്നു. മാതാപിതാക്കൾ വീട്ടിൽ തങ്ങളുടെ മക്കളെ പോത്ത്, പിശാച്, നാശം എന്നെല്ലാം സംബോധ ചെയ്യുമ്പോൾ ആ കുട്ടികളുടെ മനസ്സിൽ പോത്തിന്റെ സ്വഭാവം, പിശാചിന്റെ സ്വഭാവം തുടങ്ങിയവ ഉണ്ടാകുന്നു. ഇതിനെല്ലാം മൂലകാരണം നമ്മുടെ വായിലെ വാക്കുകളാണ്. അപ്രകാരം നമ്മുടെ വായിലെ വാക്കുകളാണു നമ്മുടെ എല്ലാ ജീവിത വിപരീതങ്ങൾക്കും കാരണം. **മനുഷ്യൻ പറയുന്ന ഏതു വാക്കിനും ദൈവമുമ്പാകെ കണക്കു ബോധിപ്പിക്കേണ്ടിവരും.** തന്റെ ദൂതന്മാർ മുഖേന അതിനെ സദ്വർത്തമാനമായി ഘോഷിക്കാറ് പതിവുണ്ടായിരുന്നു. കർത്താവിന്റെ സുവിശേഷം, യേശുക്രിസ്തുവിനെ പൂർണ്ണമായി ഉൾക്കൊണ്ട സദ്വർത്തമാനമാണ്. കർത്താവായ യേശുക്രിസ്തുവിന്റെ ജനനം, മരണം, ഉയിർത്തെഴുന്നേൽപ്പ്, രക്ഷ മുതലായവ അടിസ്ഥാനമായി ഉൾക്കൊണ്ടതാണ് ആ ദൂത്.

# വിളി (CALL)

രക്ഷിക്കപ്പെട്ട ദൈവമക്കളുടെയിടയിൽ അടിക്കടി ഉപയോഗിക്കുന്ന പദങ്ങളിൽ വിളിയും ഒന്നാണ്. ലോകപരമായി ചില വിളികളുണ്ടാകുമ്പോൾ, ആര്, എവിടെ നിന്ന്, എന്തിനുവേണ്ടി, ആർക്ക് എന്നെല്ലാം നാം മനസ്സിലാക്കുന്നു.

അതുപോലെ ആത്മീയമായും നമുക്കുണ്ടാകുന്ന വിളിയിൽനിന്നും ഇത്രയും കാര്യങ്ങൾ നാം മനസ്സിലാക്കണം. ചിലർ ഇതിനെക്കുറിച്ച് അറിയാത്തതുകൊണ്ട്, ഇതിന്റെ മേന്മ മനസ്സിലാക്കാതെ വിളിയുടെ മാഹാത്മ്യത്തെ അലക്ഷ്യമാക്കിക്കളയുന്നു.

പത്രോസ് അപ്പോസ്തലനും ഈ വിഷയത്തെക്കുറിച്ച് ഇപ്രകാരം പറയുന്നു "അതുകൊണ്ടു സഹോദരന്മാരെ നിങ്ങളുടെ വിളയും തിരഞ്ഞെടുപ്പും ഉറപ്പാക്കുവാൻ അധികം ശ്രമിപ്പിൻ. ഇങ്ങനെ ചെയ്താൽ നിങ്ങൾ ഒരുനാളും ഇടറിപ്പോകാതെ നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ നിത്യരാജ്യത്തിലേക്കുള്ള പ്രവേശനം ധാരാളമായി പ്രാപിക്കും." 2 പത്രോസ് 1:10.

അവസാന കാലഘട്ടത്തിലുണ്ടായിക്കൊണ്ടിരിക്കുന്ന ഈ വിളിയുടെ മാഹാത്മ്യം ചിന്തിക്കേണ്ടുന്നതും വിളിയെപ്പറ്റി ഉറപ്പാക്കേണ്ടതും വളരെ ആവശ്യമാണ്.

**എല്ലാവർക്കും നൽകപ്പെടുന്ന വിളി**

ഒന്നാമതായി ഇതിനെപ്പറ്റി യേശുക്രിസ്തു പറഞ്ഞ ഒരുപമയിൽ നിന്നു സാധാരണയായുള്ള വിളിയെപ്പറ്റി നമുക്കു മനസ്സിലാക്കാം. സ്വർഗ്ഗരാജ്യം തന്റെ പുത്രനുവേണ്ടി കല്യാണസദ്യ കഴിച്ച ഒരു രാജാവിനോടു സദൃശ്യം. (മത്തായി 22:2)

ഈ രാജാവ് കല്യാണസദ്യ ഒരുക്കിയ ശേഷം എല്ലാവരെയും ക്ഷണിക്കുവാൻ തന്റെ ദാസന്മാരെ പറഞ്ഞയച്ചു. എന്നാൽ അവരോരുത്തരും ഓരോ കാരണങ്ങൾ പറഞ്ഞ് ക്ഷണം നിരസിച്ചു. വിളിക്കപ്പെട്ടവർ അയോഗ്യരായിത്തീർന്നത് അഥവാ ക്ഷണം നിരസിച്ചത് രാജാവ് അറിഞ്ഞപ്പോൾ വഴിയിലും, ചന്തസ്ഥലങ്ങളിലും കാണുന്ന എല്ലാവർക്കും ക്ഷണം അയച്ചു.

ഇവിടെ കല്ല്യാണസദ്യയ്ക്കു വിളിക്കപ്പെട്ടവർ എന്നത് യഹൂദന്മാരെക്കുറിക്കുന്നു. രക്ഷയുടെ വിളി എന്നത് യേശുക്രിസ്തു മുഖാന്തിരം ആദ്യം യഹൂദന്മാർക്കാണ് നൽകപ്പെട്ടത്.....**രക്ഷ യഹൂദന്മാരുടെ ഇടയിൽ നിന്നല്ലോ വരുന്നത്**. (യോഹ 4:22)

പക്ഷെ അവരോ ഈ ഉന്നതമായ വിളിയെ നിരസിച്ചു. ഇത്ര വലിയ രക്ഷയ്ക്കു അന്യരായിത്തീർന്നു. ഇപ്രകാരം യഹൂദന്മാർ രക്ഷയുടെ വിളിക്കു അയോഗ്യരായിത്തീർന്നപ്പോൾ അതേ വിളി ജാതികളിലുള്ള എല്ലാവർക്കും നൽകപ്പെട്ടു.

ഇതിൽ രാജാവിനെ **പിതാവിനും**, പുത്രനെ **യേശുക്രിസ്തുവിനും** സാദൃശ്യമായി കാണുന്നു. പിതാവായ ദൈവത്തിൽ നിന്നും പുത്രനായ യേശുക്രിസ്തു മുഖാന്തിരം വരുന്ന ഈ രക്ഷയുടെ വിളി സ്വീകരിച്ച എല്ലാവരും ഭാഗ്യവാന്മാരാണ്. എന്നാലും **ഇവരെക്കാൾ കൂടുതൽ ഭാഗ്യവാന്മാരുമുണ്ട്.** ഇവർ കല്യാണസദ്യയ്ക്കു ക്ഷണിക്കപ്പെട്ടവരല്ല. പിതാവായ ദൈവത്താൽ തന്റെ പുത്രനായ യേശുക്രിസ്തുവിന്റെ മണവാട്ടിയാകുവാനായി ക്ഷണിക്കപ്പെട്ടവർതന്നെ. ഈ വിളി പിതാവായ ദൈവത്താൽ പരിശുദ്ധാത്മാവ് മുഖാന്തിരം നൽകപ്പെടുന്നതാണ്. ആദ്യമായി നൽകുന്ന രക്ഷയുടെ വിളി സ്വീകരിക്കാത്തവർക്ക് രണ്ടാമതായി നൽകപ്പെടുന്ന മണവാട്ടിയായുള്ള ക്ഷണം സ്വീകരിക്കുവാൻ സാദ്ധ്യമല്ല.

മണവാട്ടിയാകണമെങ്കിൽ, രക്ഷയെന്നു പറയപ്പെടുന്ന ഒന്നാമത്തെ വിളി സ്വീകരിക്കണം എന്നത് വളരെ ആവശ്യമാണ്. വിശ്വാസികൾ മണവാട്ടിയാകുവാനായി നൽകപ്പെടുന്ന ഈ രണ്ടാമത്തെ വിളിയെപ്പറ്റി കൂടുതൽ ചിന്തിക്കണം.

## മണവാട്ടിയാകുവാനുള്ള വിളി

മേൽപറഞ്ഞപ്രകാരം പരിശുദ്ധാത്മാവ് മുഖാന്തിരം ക്രിസ്തുവിന്റെ മണവാട്ടിയാകുവാനുള്ള വിളി നൽകപ്പെടുന്നു. ഈ വിളിയെ സ്വീകരിക്കുന്ന ദൈമക്കൾക്കു മണവാട്ടിയായി മാറ്റപ്പെടുവാനുള്ള ഉപദേശവും പ്രമാണങ്ങളും വെളിപ്പെടുത്തി നൽകപ്പെടുന്നു. ജനങ്ങൾ പരിശുദ്ധാത്മാഭിഷേഷം പ്രാപിച്ചിരുന്നാലും ഈ വിധത്തിലെ വെളിപാട് ഇല്ലാതെയിരുന്നാൽ മണവാട്ടിയാകുവാൻ സാദ്ധ്യമല്ല.

റിബെക്കായുടെ ജീവിതചരിത്രം ഇതിനോടു സാമ്യപ്പെടുത്താം. യിസ്ഹാക്കിന്റെ വിവാഹത്തിനായി എലയാസർ ബെഥുവേലിന്റെ ഭവനത്തിനു സമീപമെത്തി. തന്റെ യജമാനനായ അബ്രഹാമിനെയും, യിസ്ഹാക്കിനെയുംപറ്റി അവരോടു പറഞ്ഞപ്പോൾ യിസ്ഹാക്കിന്റെ മണവാട്ടിയാകുവാൻ എലയാസർ മുഖാന്തിരം അബ്രഹാമിൽ നിന്നുവന്ന ക്ഷണം അവൾ സ്വീകരിച്ചു.

അവൾ എലയാസർ മുഖാന്തിരം അബ്രഹാമിനെയും, യിസഹാക്കിനെയും പറ്റിയുള്ള വെളിപാടു ലഭിച്ചപ്പോൾ (1) തന്റെ പിതൃഭവനത്തെ ഉപേക്ഷിക്കുവാനും (2) മരുഭൂമിയിൽ യാത്ര ചെയ്യുവാനും (3) കൂടാമടിച്ചു താമസിക്കുവാനും ഒരുങ്ങി. അവൾ പ്രാപിച്ച വെളിപാടാണു മണവാളൻമൂലം ഇപ്രകാരമുള്ള ഒരു ത്യാഗജീവിതത്തിനു ഒരിക്കിയത്.

അവൾ പിതൃഭവനം വിട്ടപ്പോൾ എല്ലാവരും കൂടിവന്നു റിബെക്കയെ അനുഗ്രഹിച്ചു....സഹോദരീ നി അനേകമായിത്തീരുക.....(ഉൽപ 24:60) റിബെക്കയുടെ മറ്റു സഹോദരികളും, യിസ്ഹാക്കിനെപ്പറ്റി കേട്ടപ്പോൾ, ഒരു പക്ഷേ ഇഷ്ടപ്പെട്ടു കാണും.

എന്നാൽ ബെഥൂവേലിന്റെ ഭവനം വിടുവാനും, മരുഭൂയാത്ര ചെയ്യുവാനും ഇഷ്ടപ്പെട്ടിരിക്കയില്ലെന്നും ഇവിടെ ചിന്തിക്കാം. സഹോദരിമാരുടെയിടയിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട ഒരു റിബേക്ക ഒട്ടകപ്പുറത്തു കയറി തന്റെ യാത്ര ആരംഭിച്ചു.

രക്ഷിക്കപ്പെട്ട എല്ലാവരും ഒരർത്ഥത്തിൽ സഹോദരികളാണ്. അങ്ങനെയുള്ള എല്ലാവരും മണവാളനെപ്പറ്റി കേൾക്കുക മാത്രമല്ല അവനെ മണവാളനായി പ്രാപിക്കുവാനും വാഞ്ഛിക്കുന്നു. എന്നാലും ഇപ്രകാരം ശ്രേഷ്ഠമായ വെളിപാടു പ്രാപിക്കാത്തതുമൂലം റിബെക്കയെപ്പോലെ ത്യാഗജീവിത്തിലേക്കു അഥവാ പ്രതിഷ്ഠാജീവിതത്തിലേക്കു കാൽവയ്ക്കുവാൻ സാദ്ധ്യമല്ല. വീട്ടിലിരുന്നുകൊണ്ടു റിബെക്കയെ അനുഗ്രഹിച്ച മറ്റുള്ളവരെപ്പോലെ മേന്മയേറിയ പ്രതിഷ്ഠ, ത്യാഗം, ആത്മീയവളർച്ച എന്നിവയെപ്പറ്റി പുകഴ്ത്തിപ്പറയുന്നു.

എന്നാലും തങ്ങളെ അതിനുവേണ്ടി ഏൽപ്പിക്കുവാൻ ഇഷ്ടമില്ലാത്തവരായിക്കാണപ്പെടുന്നു.

ഇപ്രകാരം മേന്മയേറിയ കാര്യങ്ങൾ അറിഞ്ഞിരിക്കുന്നതുകൊണ്ടും ആത്മീയവളർച്ചയെപ്പറ്റി പ്രസംഗിക്കുന്നതുകൊണ്ടും എന്താണു പ്രയോജനം? ഈ അനുഭവങ്ങൾ ജീവിതത്തിൽ പ്രായോഗികമാക്കുന്നില്ലായെങ്കിൽ ക്രിസ്തുവിന്റെ മണവാട്ടിയായി മാറ്റപ്പെടുവാൻ സാദ്ധ്യമല്ല.

## യേശുവിനെക്കുറിച്ചുള്ള ഇടവിടാത്ത ചിന്ത

ഒട്ടകപ്പുറത്തു കയറി യാത്ര ആരംഭിച്ച റിബെക്കയുടെ മനസ്സിൽ, ചില നാളുകൾക്കുള്ളിൽ മണവാളനെ കാണും എന്ന ചിന്തയല്ലാതെ മറ്റു ചിന്തകൾ കാണുവാൻ വഴിയില്ല. ആഹാരം കഴിക്കുമ്പോഴും, നടക്കുമ്പോഴും, ഉറങ്ങുവാൻ ശ്രമിക്കുമ്പോഴും മണവാളനെക്കുറിച്ചുള്ള ചിന്തമാത്രം ഉണ്ടായിരിക്കും. യിസ്ഹാക്കിനെ കാണുവാൻ വേണ്ടി അവളുടെ കണ്ണുകൾ ലക്ഷ്യത്തിലേക്ക്, കനാനെ നോക്കിയിരുന്നു. മണവാട്ടിയായി മാറ്റപ്പെടുവാൻവേണ്ടി മരുഭൂവിൽ യാത്ര ചെയ്തുകൊണ്ടിരുന്ന ഒരു വിശ്വാസിയുടെ വാഞ്ഛ മണവാളനായ യേശുക്രിസ്തുവിനെ കാണണം എന്നതല്ലാതെ മറ്റൊന്നുമല്ല.

## മരുഭൂയാത്ര

യേശുക്രിസ്തുവിനെ സ്നേഹിക്കുന്ന ഒരു വ്യക്തിക്കു ദൈവം ഒരുക്കിയിരിക്കുന്ന വഴി മരുഭൂമിയിൽക്കൂടെയാണ്. മുമ്പുള്ളവയെ **നിങ്ങൾ ഓർക്കേണ്ട, പണ്ടുള്ളവയെ നിരൂപിക്കയും വേണ്ട. ഇതാ ഞാൻ പുതിയതൊന്നു ചെയ്യുന്നു. അതു ഇപ്പോൾ ഉത്ഭവിക്കും, നിങ്ങൾ അതു അറിയുന്നില്ലയോ അതേ, ഞാൻ മരുഭൂമിയിലൊരു വഴിയും നിർജ്ജനപ്രദേശത്ത് നദികളും ഉണ്ടാക്കും. യെശ 43:18,19.**

എന്നാൽ ക്രിസ്തുയേശുവിൽ ഭക്തിയോടു ജീവിപ്പാൻ മനസ്സുള്ളവർക്കു എല്ലാം ഉപദ്രവം ഉണ്ടാകും. (2 തിമെ 3:12).

ക്രിസ്തുവിൽ വിശ്വസിപ്പാൻ മാത്രമല്ല, അവനുവേണ്ടി കഷ്ടം അനുഭവിപ്പാനുകൂടെ നിങ്ങൾക്കു വരം നൽകിയിരിക്കുന്നു. (ഫിലി 1:29)

ഈ മരുഭൂയാത്രയിൽ പല പ്രശ്നങ്ങളും വേദനകളും പ്രയാസങ്ങളുമുണ്ട്. എന്നാലും ക്രിസ്തുവിനെ കാണും എന്നുള്ള സന്തോഷം മനസ്സിലുണ്ടെങ്കിൽ മരുഭൂയാത്രയിൽ ലോകം നൽകാത്ത ഒരു സുഖം ഉണ്ടാകുന്നു.

അവൻ അവളെ സ്നേഹിക്കകൊണ്ടു അതു അവനു അൽപകാലം പോലെ തോന്നി (ആ ഏഴുവർഷം) ഉൽപ 29:20.

ഇതുപോലെ മണവാളനായ യേശുക്രിസ്തുവിനെ കാണുവാൻ ആഗ്രഹിക്കുന്നവർക്കും പ്രശ്നങ്ങളും, വേദനകളും അൽപമായി തോന്നും. അതുകൊണ്ട് പത്രോസ് തന്റെ ലേഖനത്തിൽ **അൽപകാലത്തേക്ക് കഷ്ടം സഹിക്കുന്ന നിങ്ങളെ** എന്നു പറയുന്നു. 1 പത്രോ 5:10. നമ്മുടെ പ്രശ്നങ്ങളും, വേദനകളും, രോഗങ്ങളും, പരാജയങ്ങളും, നിരാശകളും, അപമാനങ്ങളും നിറഞ്ഞ ഈ മരുഭൂവിൽ കൂടെയുള്ള ലോകയാത്ര തീരുവാൻ അല്പകാലം മാത്രമേയുള്ളൂ. ഈ അല്പകാലം നമ്മൾ പ്രശ്നങ്ങൾ സഹിക്കുമെങ്കിൽ സന്തോഷം നിറഞ്ഞ ജീവിതത്തിൽ മണവാളനോടുകൂടെ എന്നെന്നുമായി നാം വാഴും.

ഈ ശ്രേഷ്ഠമായ വിളിയും, വെളിപാടും ലഭിച്ച ദൈവജനങ്ങൾക്കു പലവിധമായ ആഗ്രഹങ്ങളും ലൗകീക ചിന്തകളും ഇടയ്ക്കിടയ്ക്കു ഉണ്ടാകുന്നു. ഇതുമൂലം തങ്ങളുടെ യാത്ര തുടരുവാൻ സാധിക്കാത്ത വിധം മരുഭൂമി ഇവരെ വിഴുങ്ങുന്നു. മരുഭൂമിയിൽ വെച്ചുതന്നെ ഇവർ നശിപ്പിക്കപ്പെടുന്നു.

സഹോദരന്മാരെ, നിങ്ങളുടെ വിളിയെ നോക്കുവിൻ എന്നു പൗലോസ് അപ്പോസ്തലൻ

മുന്നറിയിപ്പു നൽകുന്നു (1 കൊരി 1:26). മണവാട്ടി ആകുവാൻവേണ്ട വിളിക്കപ്പെട്ട വിളി ശ്രേഷ്ഠമായ വിളിയാണ്. ഈ വിളി ലഭിച്ച ജനങ്ങൾക്കു ഒരു പ്രത്യേക വഴിയും ജീവിതവുമുണ്ട്. ഈ ദിവസങ്ങളിൽ ചിലർ തങ്ങളുടെ മേന്മയേറിയ ജീവിതത്തെ നഷ്ടപ്പെടുത്തിയവരായി മുൻപു എപ്പോഴോ ലഭിച്ച രക്ഷയുടെ അനുഭവത്തെപ്പറ്റി പുകഴ്ച പറഞ്ഞുകൊണ്ടിരിക്കുന്നു.

പഴയ നിയമകാലത്തിൽ സമാഗമന കൂടാരത്തിലുള്ള സാക്ഷ്യപ്പെട്ടകത്തിൽ പൊൻപാത്രത്തിൽ മന്നാ ഇട്ടുവെയ്ക്കപ്പെട്ടിരിക്കുന്നതായി കാണുന്നു. ഈ മന്നാ പൊൻപാത്രത്തിലിട്ടു ദൈവസാന്നിദ്ധ്യത്തിൽ സൂക്ഷിക്കപ്പെട്ടിരുന്നു. പൊൻപാത്രം പ്രതിഷ്ഠയും ജീവിതവും ഉള്ളവരെ കുറിക്കുന്നു.

തങ്കത്തോട് തുല്യരായിരുന്ന സിയോന്റെ വിശിഷ്ട പുത്രന്മാരെ കുശവന്റെ പണിയായ മൺപാത്രങ്ങളെപ്പോലെ എണ്ണിയിരിക്കുന്നതെങ്ങനെ? (വിലാ 4:2). ചിലർ ഈ ശ്രേഷ്ഠമായ പ്രതിഷ്ഠയെയും ജീവിതത്തെയും നഷ്ടപ്പെടുത്തിയതുകൊണ്ട്, മേൽപ്പറഞ്ഞ പ്രകാരം കുശവന്റെ പണിയായ മൺപാത്രങ്ങൾപോലെ എണ്ണപ്പെട്ട സീയോന്റെ വിശിഷ്ട പുത്രന്മാരെപ്പോലെ ആയിത്തീരുന്നു.

അതുകൊണ്ട് സഹോദര-സഹോദരിമാരെ നമ്മുടെ വിളിയെ മനസ്സിലാക്കി, റിബേക്കയെപ്പോലെ സഹോദരികളുടെ മദ്ധ്യേ വേർതിരിക്കപ്പെട്ട സഹോദരിയായി ജീവിച്ച് ക്രിസ്തുവായ മണവാളനെ സന്ദർശിക്കുവാൻ വേഗം ഒരുങ്ങുക.

ദൈവം നിങ്ങളെ വഴിനടത്തുമാറാക്കട്ടെ.

# മരണ അറിയിപ്പ്



ദക്ഷിണ കേരള മഹായിടവക ചാണി സി.എസ്.ഐ സഭയുടെ അംഗവും സഭാപ്രമാണിയുമായിരുന്ന സഹോ.മത്ഥിയാസ് അവർകൾ തന്റെ 85-ാം വയസ്സിൽ 2015 ആഗസ്റ്റ് 7-ാം തീയതി കർത്താവിൽ നിദ്ര പ്രാപിച്ചു. മുൻ മോഡറേറ്ററും ബിഷപ്പുമായി റൈറ്റ്.റവ.ഗ്ലാഡ്സ്റ്റൺ അവർകളും ധാരാളം അച്ചന്മാരും ചേർന്ന് ശവസംസ്കാരം നടത്തി. ഇദ്ദേഹം എന്റെ വളരെക്കാലത്തെ ജാമക്കാരൻ വായനക്കാരനാകുന്നു. അദ്ദേഹത്തിന്റെ ഭാര്യ സിസ്റ്റർ.ലില്ലി മത്ഥിയാസ് അവർകൾക്ക് ദൈവം ആശ്വാസം നല്കുമാറാകട്ടെ!

# ജാമക്കാരൻ വേണ്ട

ജാമക്കാരൻ (മാസിക നിങ്ങളുടെ ആത്മാവിന് ഉപയോഗപ്രദം ആകുന്നില്ല എങ്കിൽ) നിങ്ങൾക്ക് ലഭിക്കുന്ന മാസികയുടെ മുകളിൽ REFUSED എന്നെഴുതി നിങ്ങളുടെ അഡ്രസ്സ്, വെട്ടി തിരിച്ചയയ്ക്കുക (Stamp വേണ്ട). അങ്ങനെ ചെയ്താൽ നിങ്ങളുടെ അഡ്രസ്സ് ഞങ്ങളുടെ Mailing List-ൽ നിന്നു നീക്കുവാൻ സാധിക്കും. ഇതിന് നിങ്ങൾ സഹകരിക്കും എന്ന് വിശ്വസിക്കുന്നു. നന്ദി


# തിരുനെൽവേലി ഡിസ്ട്രിക് C.M.S സഭകളിലെ യോഗങ്ങൾ (ഇടയൻകുളം)






തിരുനെൽവേലി ഡിസ്ട്രിക് സി.എം.എസ് സുവിശേഷ ദൈവസഭയുടെ വാർഷിക യോഗം ഇടയൻകുളം Pastorate ൽ വച്ച് നടന്നു. ചുറ്റിലുള്ള എല്ലാ ഗ്രാമസഭകളിൽ നിന്നും വാനിലും കാളവണ്ടിയിലുമായി വന്ന ജനങ്ങൾ 3 ദിവസം താമസിച്ച് യോഗങ്ങളിൽ പങ്കെടുത്തു. അന്നത്തെ കാലത്ത് പെസഹാപെരുന്നാൾ ആഘോഷിച്ചതുപോലെ അവരുടെ കൂടിവരവുകൾ ഉണ്ടായിരുന്നു.

റവ.ആൽബർട്ട് ഗർശോം ബി.എ.എം.എ,ബി.ഡി, റവ.കെഡ്റിക് പോൾ ബി.എസ്.സി, ബി.റ്റി.എച്ച് ഇവരുടെ നേതൃത്വത്തിൽ എല്ലാ സഭാ അച്ചന്മാരും ചേർന്നു പ്രാർത്ഥനാ യോഗം നടത്താൻ ഏർപ്പാട് ചെയ്തിരുന്നു. ഈ സഭയുടെ ആരാധന ക്രമങ്ങൾ എല്ലാം സി.എസ്.എ സഭയുടെ ആരാധനക്രമം പോലെ നടത്തുന്നു. 30 വർഷങ്ങൾക്കു ശേഷം ഈ സഭക്കാർ എന്നെ വീണ്ടും ക്ഷണിച്ചിരുന്നു. ദൈവം ഈ സഭകളെ അനുഗ്രഹിക്കുമാറാകട്ടെ.



## ഇന്ത്യയുടെ 69–ാംമത്തെ സ്വാതന്ത്ര്യദിനം

69 വർഷങ്ങൾക്കുമുമ്പ് ഇന്ത്യ സ്വാതന്ത്ര്യം പ്രാപിച്ച് ഇന്ന് നമുക്കുതന്നെ നമ്മളെ ഭരിക്കുവാനുള്ള സ്വാതന്ത്ര്യം ലഭിച്ചിരിക്കുന്നു. നമ്മുടെ ദേശീയ നേതാക്കൾ, കഠിനാധ്വാനം ചെയ്ത് ജീവൻ ത്യജിച്ച് നേടിയ സ്വാതന്ത്ര്യം നേടിതന്നവർക്കായി ദൈവത്തെ സ്തുതിക്കാം.

ഈ സ്വാതന്ത്ര്യത്തെ ദുരുപയോഗം ചെയ്യുന്ന രാഷ്ട്രീയക്കാർ, സർക്കാർ മേലധികാരികൾ എന്നിവരെ ദൈവം ഉണർത്തി ദൈവഭയത്തോടെ പക്ഷപാതരഹിതമായി പണവെട്ടിപ്പില്ലാതെ ദേശത്തെ ഭരിക്കുവാൻ എല്ലാവർക്കുംവേണ്ടി ദൈവത്തോട് പ്രാർത്ഥിക്കാം.

ഇന്ന് ഞാൻ ഒരു ഭാരതീയൻ എന്നു പറയുന്നതിൽ അഭിമാനിക്കുന്നു.(യെഹ 22:30, യെഹ 9:4).

**SEPTEMBER 2015**

# Printed Book/Book Post

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.